# ജാമക്കാരൻ
# JAMAKKARAN

ജാ മ ക്കാ ര ൻ JAMAKKARAN

VOLUME - 1 RNI Reg. No. TNBIL/2016/70171 ISSUE - 6
JUNE - 2017 TAMIL & MALAYALAM

**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com



കർത്താവിൽ പ്രിയരേ,

നിങ്ങൾ എല്ലാവർക്കും ജീവിക്കുന്ന യേശുക്രിസ്തുവിന്റെ നാമത്തിലുള്ള വന്ദനം അറിയിക്കുന്നു.

യേശുക്രിസ്തു പറഞ്ഞതുപോലെ നിങ്ങൾ എല്ലാവർക്കും സമാധാനം ഉണ്ടായിരിക്കുമാറാകട്ടെ. കഴിഞ്ഞ ചില മാസങ്ങളായി ക്രിസ്തീയസഭ എങ്ങനെ ഉണ്ടായി? എങ്ങനെ വളർന്നു? വചന വിരുദ്ധമായ ഉപദേശങ്ങൾ എങ്ങനെയാണ് സഭയ്ക്കുള്ളിൽ കട ന്നുവന്നത്? എന്നുള്ള വിവരങ്ങൾ തുടർച്ചയായി നിങ്ങൾ വായി ച്ചുകൊണ്ടിരിക്കുന്നു. വായനക്കാരിൽ പലരും അത് തങ്ങൾക്ക് വളരെ പ്രയോജനകരമായിരുന്നുവെന്ന് എന്ന് എനിക്ക് എഴുതി അറിയിച്ചു.

ക്രൂശിൽ തറയ്ക്കപ്പെട്ട ദൈവപുത്രന്റെ കൈയിൽ അടിയ്ക്കപ്പെട്ട ആണിയുടെ വിവരം ഓൺലൈൻ വഴിയായി വായിച്ച പലരും ഈ വിവരങ്ങൾ ക്രിസ്ത്യാനികൾക്ക് വളരെ ആവ ശ്യമാണ് എന്നെഴുതിയിരുന്നു. ഈ ആണിപ്പാടുകളെക്കുറിച്ച് തെറ്റായ വ്യാഖ്യാനം നൽകി യവർ ധാരാളം പേരുണ്ട്. ദൈവം കാണിച്ച ദർശനം എന്നും ക്രിസ്തു തന്റെ കൈകളെ കാണിച്ചപ്പോൾ ഉള്ളംകയ്യിലെ പാടുകളെ ഞാൻ കണ്ടു എന്നും പറഞ്ഞ് വരം ലഭിച്ച പ്രശ സ്തരായ പല ദൈവവേലക്കാർക്കും ഈ വാർത്ത ഞെട്ടലുണ്ടാക്കി. തങ്ങളുടെ ദർശനത്തെ സാക്ഷ്യമാക്കി പറഞ്ഞതെല്ലാം കള്ളമാണെന്ന് ജനങ്ങൾ തെറ്റിദ്ധരിക്കുമല്ലോയെന്ന് അവ രെല്ലാം ഇപ്പോൾ വിഷമത്തോടെ ആയിരിക്കും. നിങ്ങളുടെ മാസിക ഞങ്ങളുടെ പല ആത്മീക ചോദ്യങ്ങൾക്കും വ്യക്തമായ മറുപടി നൽകി എന്നതുകൊണ്ട് ഞങ്ങൾ ദൈവത്തെ സ്തുതി ക്കുന്നു. ഞങ്ങളുടെ ബിഷപ്പുമാരിൽ ചിലർ ഡോക്ടറെ വെറുത്താലും അച്ചന്മാരായ ഞങ്ങൾക്കും സഭാവിശ്വാസികൾക്കും ഡോക്ടറുടെ ഉപദേശത്തെക്കുറിച്ചും ദൈവവേലയെ ക്കുറിച്ചും ഒരു സംശയവും ഇല്ല. ഞങ്ങൾ എല്ലാവരും ഡോക്ടറെ സ്നേഹിക്കുന്നു. തുടർന്നും

ഞങ്ങളുടെ പ്രാർത്ഥന എപ്പോഴും ഡോക്ടർക്കും ഡോക്ടറുടെ പ്രവർത്തനങ്ങൾക്കും ഉണ്ട് എന്ന് ഞങ്ങൾ ഉറപ്പ് നൽകുന്നു.

ഇങ്ങനെ എഴുതപ്പെട്ട പല കത്തുകളും എന്നെ ഉത്സാഹപ്പെടുത്തുന്നു. തുടർന്നും നിങ്ങൾ എല്ലാവർക്കും വേണ്ടിയും ഞാൻ പ്രാർത്ഥിക്കന്നു. വായനക്കാർ എല്ലാവരും ദൈവവചനത്തിൽ ഉറച്ചു നിൽക്കണം. കള്ള അപ്പൊസ്തലന്മാരെ അന്നത്തെ തിരുസഭ അടയാളം കണ്ടു എന്ന് വേദ പുസ്തകം പുകഴ്ത്തിയതുപോലെ എന്റെ വായനക്കാരും ദൈവവേലയെക്കുറിച്ചും, ദൈവവേല ക്കാരെക്കുറിച്ചും ഏത് ആത്മാവിലാണ് അവർ പ്രവർത്തിക്കുന്നത് എന്നുള്ളതിനെക്കുറിച്ചും നിങ്ങൾ എല്ലാവരും വിവേചിച്ചറിയുവാൻ പരിശുദ്ധാത്മാവ് നിങ്ങളെ സഹായിക്കുമാറാകട്ടെ.

* സ്കൂൾ തുറന്നിട്ടുണ്ട്. പുതിയ ക്ലാസിലേക്ക് പ്രവേശിച്ച എല്ലാ മക്കൾക്കുവേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നുണ്ട്.

* പുതിയ ജോലിക്കുവേണ്ടി ശ്രമിക്കുന്നവർക്കും പുതിയ ജോലിയിൽ പ്രവേശിച്ചവർക്കും വേണ്ടിയും ഞാൻ പ്രാർത്ഥിക്കും.

ദൈവം നിങ്ങളെ എല്ലവാരേയും അനുഗ്രഹിക്കുമാറാകട്ടെ.

**ഡോ.പുഷ്പരാജ്**

നിങ്ങളുടെ ശ്രദ്ധയ്ക്ക്

# On Line കാണിയ്ക്ക (OFFERING)

നേരത്തെ ഞാൻ അറിയിച്ചിരുന്നതുപോലെ On Line വഴി കാണിയ്ക്ക (Offering) അയയ്ക്കുന്നവരുടെ പേര് ബാങ്ക് പാസ്ബുക്കിൽ വരുന്നില്ല. ചില ബാങ്കുകളിൽ പേര് കാണപ്പെടുന്നു. പണം അയക്കുന്നവരുടെ പേരും വിലാസവും അറിയാത്തതുകൊണ്ട് പണം കിട്ടിയ വിവരത്തെ പണം അയച്ചവരെ അറിയിക്കുവാൻ കഴിയാതെ പോകുന്നു. രസീതും അയയ്ക്കുവാൻ സാധിക്കുന്നില്ല. ചില വായനക്കാരിൽ രസീതു വേണ്ടായെന്ന് അറിയിച്ചവരും ഉണ്ട്. ഓൺലൈനിൽ കാണിയ്ക്ക അയച്ചവർ അതിന്റെ വിവരത്തെ എനിയ്ക്ക് ഇ–മെയിൽ വഴി ആയോ കത്തു മുഖനേയോ അറിയിച്ചാൽ വളരെ ഉപകാരമായിരിക്കും. അതിൽ അയച്ചവരുടെ പേര്, സേലത്തിൽ ഏതു ബാങ്കിലേയ്ക്കാണ് ആ പണം അയച്ചത്, എന്നും എത്ര രൂപ അയച്ചു, ഏത് തീയതിൽ അയച്ചു എന്നും വ്യക്തമായിട്ട് എഴുതി ഒപ്പം നിങ്ങളുടെ മൊബൈൽ നമ്പരും എഴുതി അയച്ചാൽ വളരെ ഉപകാരമായിരിക്കും.

പണം എനിക്കു കിട്ടിയ വിവരത്തെക്കുറിച്ച് നിങ്ങൾക്ക് രസീത് അയ്ക്കാതിരുന്നാലും ഫോൺ മുഖേനയെങ്കിൽ ആ വിവരം നിങ്ങളെ അറിയിക്കുവാൻ എനിക്കു സാധിക്കും. ഒപ്പം നിങ്ങളുടെ വിവരങ്ങൾ അന്വേഷിക്കുവാനും ഫോൺ മുഖേന നിങ്ങൾക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുവാനും സാധിക്കുമല്ലോ. നിങ്ങൾ പ്രാർത്ഥനയോടും ഭാരത്തോടും ദൈവവേലയ്ക്കു വേണ്ടി നിങ്ങളയച്ച പണം എനിക്കു കിട്ടിയ വിവരം നിങ്ങളെ അറിയിക്കാതിരിക്കുന്നത് എന്റെ മനസ്സിന് സങ്കടം തോന്നും. അതുകൊണ്ട ഈ വിഷയത്തിൽ നിങ്ങൾ എന്നോടു ദയവായി സഹകരിക്കണം എന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഡോ.പുഷ്പരാജ്

**(കുറിപ്പ് : കഴിഞ്ഞ മൂന്നു മാസങ്ങളായി പ്രസിദ്ധീകരിച്ചുവന്ന വേദപുസ്തക പഠനപരമ്പര ലക്കം പുനരുത്ഥാന വിഷയത്തോടെ അവസാനിക്കുന്നു.)**

# സംഖ്യാപുസ്തകം

മോശെയുടെ ഗ്രന്ഥപഞ്ചകത്തിലെ നാലാം പുസ്തകം യിസ്രായേലിന്റെ യോദ്ധാക്കന്മാരുടെ എണ്ണം രണ്ടു പ്രാവശ്യം (സംഖ്യ 1:2–46, 26:2–51) രേഖപ്പെടുത്തിയിട്ടുള്ളതുകൊണ്ടാണ് സംഖ്യാപുസ്തകം എന്നു പേർ ലഭിച്ചത്. ഗ്രീക്കു സെപ്റ്റ്വജിന്റിൽ 'അരിത്മൊയി' എന്നാണ് പേർ. അതിനെ ലത്തീൻ വുൾഗാത്തയിൽ Liber Numeri എന്നു പരിഭാഷപ്പെടുത്തി. Liber Numeri യുടെ മലയാള രൂപമാണ് സംഖ്യാപുസ്തകം. ഇതിന്റെ എബ്രായപേർ 'മരുഭൂമിയിൽ' എന്നർത്ഥമുള്ള 'ബ്മിദ്ബാർ' ആണ്. ഒന്നാം വാക്യത്തിലെ പ്രധാന പദമാണത്. മരുഭൂമിയിൽ എന്ന പ്രയോഗം 45 പ്രാവശ്യം സംഖ്യാ പുസ്തകത്തിലുണ്ട്. സീനായിൽ എത്തിയശേഷം യിസ്രായേൽ ജനം മരുഭൂമിയിൽ 38 വർഷം അലഞ്ഞതിന്റെ ചരിത്രമാണ് സംഖ്യാപുസ്തകത്തിൽ.

**ഉദ്ദേശ്യം**

യിസ്രായേൽ ജനത്തിന്റെ യാത്രയുടെ വിവരണം പുറപ്പാടു പുസ്തകം അവസാനിപ്പിച്ചിടത്തു നിന്നും സംഖ്യാപുസ്തകം ആരംഭിക്കുന്നു. രണ്ടാം വർഷം രണ്ടാം മാസം മുതൽ (10:11) 40–ാം വർഷം 11–ാം മാസം വരെയുള്ള (ആവ 1:3) 38 വർഷത്തെ ചരിത്രം സംഖ്യാപുസ്തകത്തിലുണ്ട്. അനുസരണക്കേടിനാലും അവിശ്വാസത്താലും പാപം ചെയ്ത ജനത്തെ കരുതുകയും പരിപാലിക്കുകയും ചെയ്തതിലൂടെ പ്രകടമായ ദൈവത്തിന്റെ വിശ്വസ്തത വെളിപ്പെടുത്തുകയാണ് ഗ്രന്ഥത്തിന്റെ പ്രധാന ഉദ്ദേശ്യം. യിസ്രായേൽ ദൈവത്തോടു മത്സരിച്ചെങ്കിലും ദൈവം തന്റെ ഉടമ്പടി ലംഘിക്കാതെ യിസ്രായേൽ മക്കളെ തങ്ങളുടെ പിതാക്കന്മാർക്കു വാഗ്ദത്തം ചെയ്ത കനാൻ ദേശത്തു എത്തിച്ചു. എന്നാൽ വിശുദ്ധനായ ദൈവം പാപത്തെ ശിക്ഷിക്കാതെ വിടുന്നില്ല (11:1–3, 33:12, അപ്പോ.പ്ര.14). അനുസരണക്കേടു നിമിത്തം മോശയ്ക്കു പോലും കനാനിൽ പ്രവേശിക്കുവാൻ സാധിച്ചില്ല. 20:12. വ്യക്തികളിലും സംഭവങ്ങളിലും, പ്രത്യക്ഷതകളിലും വരുവാനുള്ള ക്രിസ്തുവിന്റെ നിഴൽ സംഖ്യാ പുസ്തകത്തിൽ കാണാം. യോഹ 3:14, 1 കൊരി 10:1, എബ്രാ 3:7–11, 9:13.

**ഉള്ളടക്കം**

**I സീനായിൽ നിന്നുള്ള യാത്രയുടെ ഒരുക്കം : 1:1–10:10**

(1) ജനത്തെ എണ്ണി പാളയക്രമീകരണം നടത്തുന്നു. 1:1–2:34.

(2) പുരോഹിതന്മാർക്കും ലേവ്യർക്കും ഉള്ള പ്രമാണങ്ങൾ. 3:1–4:49.

(3) അശുദ്ധിയിൽ നിന്നുള്ള വിടുതൽ. 5:1–31.

(4) നാസീർവ്രതം. 6:1–27.

(5) യിസ്രായേൽ പ്രഭുക്കന്മാരുടെ വഴിപാടുകൾ. 7:1–89.

(6) നിലവിളക്കു കത്തിക്കൽ, ലേവ്യശുദ്ധീകരണം. 8:1–26.

(7) പെസഹാചരണം. 9:1–4.

(8) പാളയക്രമീകരണം. 9:15–23.

(9) സഭയെ വിളിച്ചുകൂട്ടുന്നതിനും പാളയം പുറപ്പെടുവിക്കുന്നതിനും ഉള്ള അടയാളങ്ങൾ. 10:1–10.

**II സീനായി മുതൽ മോവാബു വരെയുള്ള യാത്ര : 10:11–21:35**

(1) സീനായി മുതൽ കാദേശ് ബർന്നയ വരെ 10:11–14:45

(2) മരുഭൂമി പ്രയാണം 15:1–19:22

(3) കാദേശ് ബർന്നയ മുതൽ മോവാബ് വരെ 20:1–22:1

**III മോവാബ് സമഭൂമിയിൽ : 22:1–25:18**

(1) ബിലെയാമിന്റെ പ്രവചനം 22:1–36:13

(2) നിർദ്ദേശങ്ങൾ 26:1–31:54

(3) പൂർവ്വയോർദ്ദാനിലെ ദേശവിഭജനം 32:1–42

(4) മിസ്രയീമിൽ നിന്നുള്ള പ്രയാണവിവരണം 33:1–56

(5) കനാനിൽ പ്രവേശിക്കുന്നതിനു മുമ്പുള്ള നിർദ്ദേശം 34:1–36:13

**പ്രവചനം**

# പുനരുത്ഥാനം

**ആമുഖം** : ചില ലക്കങ്ങളായി ഇനി സംഭവിക്കാനുള്ള കാര്യങ്ങളെ തിരുവചന വെളിച്ചത്തിൽ കണ്ടുവരികയാണല്ലോ. ഈ ലക്കം നാം പുനരുത്ഥാനത്തെ ചിന്തിക്കാൻ പോകുന്നു. ഉയിർത്തെഴുന്നേല്പ്പ് അല്ലെങ്കിൽ മരണാന്തരജീവിതം എല്ലാ മതങ്ങളിലും കാണുന്ന ഒരു ചിന്തയാണ്. പക്ഷേ വ്യക്തവും സ്പഷ്ടവുമായി അക്കമിട്ട് ഇതു ഇന്നത് എന്ന് മതങ്ങൾക്ക് പറയാനാകില്ല എന്നു മാത്രം. അതുകൊണ്ടാണ് മതങ്ങളുടെ ചിന്തകൾക്കിടയിൽ അവ്യക്തവും കുഴപ്പങ്ങളും നിലനില്ക്കുന്നത്. പക്ഷേ കാലാതീതനും, കാലത്തെ നിർമ്മിച്ചവനും, കാലത്തെ തന്റെ കരങ്ങൾക്കുള്ളിൽ വച്ചിട്ടുള്ളവനുമായ ദൈവത്തിന് ഭൂതഭാവി വർത്തമാന കാലങ്ങളില്ലാത്തതിനാൽ എല്ലാം സ്പഷ്ടമായി കാണുന്നു. ആ കാഴ്ച തിരുവചനത്തിലൂടെ നമുക്കു പകർന്നു തരുന്നു. വരൂ പുനരുത്ഥാന കാഴ്ചകൾക്കായി......

മണ്ണിൽ നിന്നു എടുക്കപ്പെട്ട മനുഷ്യൻ മണ്ണിലേക്കു മടങ്ങുന്നു. 'പൊടി പണ്ട് ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും. ആത്മാവ് അതിനെ നല്കിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും. സഭാ 12:7. മനുഷ്യന്റെ പേരുകളിൽ അധികവും മണ്ണിനെയും മരണത്തെയും വ്യഞ്ജിപ്പിക്കുന്നു. ജർമ്മനിയിലെ ചിന്തകനായ ഹൈഡ്ഗ്ഗർ മനുഷ്യനെ നിർവ്വചിക്കുന്നത് മരണത്തിനു വിധിക്കപ്പെട്ട ഒരു സത്ത എന്നാണ്. മരണമാകട്ടെ അസ്തിത്വത്തിന്റെ അസാദ്ധ്യതയുടെ സാദ്ധ്യതയും. മനുഷ്യന്റെ സ്വന്തമായ സാധ്യതയും മരണം തന്നേ. അതു മറ്റാർക്കും കൈമാറുവാൻ സാധ്യമല്ല. തന്മൂലം മനുഷ്യനെ എല്ലായ്പ്പോഴും ഉത്കണ്ഠയുടെ ഉമിത്തീയിലിട്ടു നീറ്റുന്ന ചോദ്യമാണ് മനുഷ്യൻ മരിച്ചാൽ വീണ്ടും ജനിക്കുമോ? ഇയ്യോ 14:14. ഞാൻ ആരാണ്? ഞാൻ എവിടെ നിന്നു വന്നു? ഞാൻ എവിടേയ്ക്കു പോകുന്നു? എന്നീ ചോദ്യങ്ങൾ ചിന്തിക്കുന്ന മനസ്സിനെ വല്ലാതെ അലട്ടുകയാണ്. മനുഷ്യന്റെ തത്ത്വചിന്തയുടെ അടിസ്ഥാനം തന്നെ ഈ ചിന്തയാണ്. മനുഷ്യന്റെ പ്രാണൻ പോകുന്നതു എവിടേക്കാണ്. ജീവനു നാശമുണ്ടോ? ഈ പ്രശ്നങ്ങൾക്കു മൂന്നു ഉത്തരങ്ങളാണ് പൊതുവെ നല്കുന്നത്.

**(A) ഉത്തരങ്ങൾ :**

1. മരണാനന്തരം ഒന്നും അവശേഷിക്കുന്നില്ല. ഭൗതീകവാദികൾ ഈ ചിന്താഗതി പുലർത്തുന്നു. അവർ ആത്മാവിനെയും അമർത്ത്യതയെയും നിഷേധിക്കുന്നു. അവർക്കു ജീവിതത്തിന്റെ അവസാനവും ലക്ഷ്യവും മരണവും തന്നെ. പ്രാചീനകാലത്തു ഭാരതത്തിൽ പ്രചരിച്ചിരുന്ന ചാർവ്വാകമതം പഠിപ്പിച്ചു:

യാവജ്ജീവം സുഖം ജീവേ–
ന്നാസ്തി മൃത്യോരഗോചരഃ
ഭസ്മീഭൂതസ്യ ദേഹസ്യ
പുനരാഗമനം കുതഃ

ജീവനുള്ള കാലത്തോളം സുഖമായി ജീവിക്കൂ. മരണത്തിന്നതീതരായി ആർരൂം തന്നെയില്ല. അതായതു എല്ലാവരും മരിക്കും. ചാമ്പലായിത്തീരുന്ന ദേഹത്തിനു മടങ്ങിവരവു എങ്ങനെയാണു സംഭവിക്കുക. (മാധവാചാര്യർ: സർവ്വദർശനസംഗ്രഹം).

ശരീരത്തിന്റെ നാശം തന്നെയാണ് മോക്ഷം. ഭൗമിക ജീവിതത്തിൽ ഭോഗങ്ങൾ അനുഭവിച്ചു ആത്മീകമൂല്യങ്ങൾക്ക് വിലകല്പിക്കാത്തവർക്കു ഇതു മാത്രമേ ചിന്തിക്കാൻ കഴിയൂ. മരണത്തോടു കൂടെ എല്ലാം അവസാനിച്ചെങ്കിൽ, മരണാന്തരം ഒരുവിധത്തിലുള്ള അസ്തിത്വവും ഇല്ലായിരുന്നു എങ്കിൽ എന്നവർ ആശിച്ചു പോകയാണ്. പുനരുത്ഥാനത്തെ വിശദമാക്കുമ്പോൾ പൗലോസ് അപ്പോസ്തലൻ പറയുകയാണ് 'മരിച്ചവർ ഉയിർക്കുന്നില്ലെങ്കിൽ നാം തിന്നുക, കുടിക്ക നാളെ ചാകുമല്ലോ' തുടർന്നു അപ്പോസ്തലൻ ഉപദേശിക്കുകയാണ് വഞ്ചിക്കപ്പെടരുത്. (1 കൊരി 15:32).

2. മരണാനന്തരാവസ്ഥയെക്കുറിച്ചുള്ള രണ്ടാമത്തെ വീക്ഷണം പുനർജ്ജന്മം ആണ്. ഇത് ആതാമാവിന്റെ അമർത്ത്യതയെ അംഗീകരിക്കുന്നു. മരണാനന്തരമുള്ള ദേഹാന്തരപ്രാപ്തി (ഏതെങ്കിലും ജീവികളുടെ) ആണ് പുനർജ്ജന്മവിശ്വാസത്തിൽ ഉൾക്കൊണ്ടിരിക്കുന്നത്.

പുനരപി ജനനം പുനരപി മരണം
പുനരപി ജനനി ജഠരേ ശയനം.

വീണ്ടും ജനനം, വീണ്ടും മരണം (ജനിമൃതികളുടെ അനന്തമായ ആവർത്തനം), വീണ്ടും മാതാവിന്റെ ഉദരത്തിൽ കിടക്കൽ എന്നാണ് ശങ്കരാചാര്യർ ഭജഗോവിന്ദത്തിൽ പറയുന്നത്. പുനർജ്ജന്മവിശ്വാസത്തിന്റെ ഈറ്റില്ലം ഗ്രീസാണ്. യവന ദാർശനികനായ പിത്തോഗോറസ്സിന്റെ കാലം മുതൽ ഒരു ചിന്താപദ്ധതിയായി അതു രൂപംകൊണ്ടു. ഭാരതീയമതങ്ങളിൽ അത് അടിസ്ഥാനപ്രമാണമായി മാറി. ഛാന്ദോഗ്യോപനിഷത്തിൽ പുനർജ്ജന്മത്തെക്കുറിച്ചുള്ള വിസ്തൃതവിവരണം ഉണ്ട്.

3. പുനരുത്ഥാനം. മരണാന്തരം ശരീരം വീണ്ടും ജീവൻ പ്രാപിക്കുന്നതാണ് പുനരുത്ഥാനം. ബൈബിളിന്റെ ഉപദേശം ഇതത്രേ. അനസ്റ്റാസിസ് എന്ന ഗ്രീക്കു പദത്തിനു എഴുന്നേല്പിക്കൽ എന്നർത്ഥം. ക്രിസ്തുവിന്റെ പുനരുത്ഥാനത്തെക്കുറിക്കുന്നതിനു എർഗെസിസ് എന്ന പദം മത്താ 27:53–ൽ പ്രയോഗിച്ചിട്ടുണ്ട്. കേവലമായ അമർത്ത്യതയെക്കുറിച്ചു ബൈബിൾ പഠിപ്പിക്കുന്നില്ല. ആത്മാവിന്റെ വീണ്ടെടുപ്പും ശരീരത്തിന്റെ വീണ്ടെടുപ്പും വീണ്ടെടുപ്പിന്റെ ഭാഗമാണ്. ദൈവത്തിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനം അമർത്ത്യതയിലുള്ള വിശ്വാസമാണ്. പുനരത്ഥാനത്തെ നിഷേധിക്കുന്നതു അമർത്ത്യതയെ നിഷേധിക്കലാണ്.

**(B) പുനരുത്ഥാനത്തിന്റെ പ്രാധാന്യം :** 1. പുനരുത്ഥാനം ക്രൈസ്തവവിശ്വാസപ്രമാണത്തിന്റെ ഭാഗമാണ്. 'മരിച്ചവരുടെ പുനരുത്ഥാനത്തിലും, നിത്യജീവനിലും ഞാൻ വിശ്വസിക്കുന്നു' എന്നാണ് അപ്പോസ്തലിക വിശ്വാസപ്രമാണം. 'ജഡത്തിന്റെ പുനരുത്ഥാനം നിഷേധിച്ചാൽ നമ്മുടെ വിശ്വാസത്തിന്റെ പ്രധാനപ്രമാണം തകർന്നു...ഈ ഉപദേശം നിഷേധിക്കുന്നവൻ, തന്മൂലം, ക്രിസ്ത്യാനിയില്ല. കാരണം എല്ലാ ക്രൈസ്തവരും ഇതു ഏറ്റു പറയുന്നു. സഭാപിതാവായ തെർത്തുല്യൻ എഴുതി. താസ്യൻ പറഞ്ഞു. സർവ്വത്തിന്റെയും പരിസമാപ്തിയിൽ ശരീരപുനരുത്ഥാനം ഉണ്ടായിരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പും അതിലൂടെ വിശ്വാസിക്കു ഉറപ്പായി കിട്ടിയ പുനരുത്ഥാനവും നമ്മുടെ വിശ്വാസത്തിന്റെ വിഷയവും അടിസ്ഥാനോപദേശവുമാണ്. 'മരിച്ചവർ ഉയിർക്കുന്നില്ല എങ്കിൽ ക്രിസ്തുവും ഉയിർത്തിട്ടില്ല. ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ. നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു. ക്രിസ്തുവിൽ പ്രത്യാശവെച്ചിരിക്കുന്നു എങ്കിൽ സകലമനുഷ്യരിലും അരിഷ്ടന്മാരത്രേ. 1 കൊരി 15:16–19. റബ്ബി മോഷേബെൻ മൈമോൻ (എ.ഡി.1135–1204) എഴുതിയ 13 ഖണ്ഡങ്ങൾ അടങ്ങിയ വിശ്വാസപ്രമാണത്തിൽ പതിമൂന്നാം ഖണ്ഡം പുനരുത്ഥാനത്തെക്കുറിച്ചുള്ളതാണ്. 'സ്രഷ്ടാവിന്, അവൻ വാഴ്ത്തപ്പെടട്ടെ. പ്രസാദമായ കാലത്തു മരിച്ചവരുടെ പുനരുത്ഥാനം ഉണ്ടാകുമെന്നും അവന്റെ കീർത്തി എന്നും എന്നേക്കും ഉന്നതമായിരിക്കുമെന്നും ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചുള്ള ഉപദേശം യഹൂദമതം പൊതുവെ അംഗീകരിച്ചിരുന്നു. ഈ ലോകവും (ലൊംഹ സെഹ്) ഭാവിലോകവും (ഒലാംഹ–ബാ) തമ്മിലുള്ള വ്യത്യാസം അവർ വ്യക്തമായി മനസ്സിലാക്കി. മശീഹയുടെ നാളുകളുടെ ദൈർഘ്യം പരിമിതമായും അതു രണ്ടു യുഗങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്നതായും കരുതി. ഭാവിലോകം സ്വർഗ്ഗീയമല്ല. ഭൗമികമാണ്. മരണാനന്തര ജീവിതത്തിന് ദേഹസഹിതമായ ഒരു പുനരുത്ഥാനം ആവശ്യമാണ്.

2. പുനരുത്ഥാനവും ഭാഗ്യകരമായ പ്രത്യാശയാണ്. പഴയനിയമവും പുതിയനിയമവും യെഹൂതനും ക്രിസ്ത്യാനിയും ഒന്നുപോലെ പ്രത്യാശ വെച്ചിരിക്കുന്ന വിഷയമാണ് ശരീത്തിന്റെ പുനരുത്ഥാനം. വിശ്വാസവും പ്രത്യാശയും പരസ്പരബദ്ധമാണ്. വിശ്വാസവിഷയമായ പുനരുത്ഥാനം ഭാവികമാണ്. പുനരുത്ഥാനത്തിൽ വിശ്വസിക്കാത്ത സദൂക്യർ വന്നു ക്രിസ്തുവിന്റെ മുമ്പിൽ ഉന്നയിച്ച പ്രശ്നത്തിനു ക്രിസ്തു നല്കിയ മറുപടി ശ്രദ്ധേയമാണ്. പുനരുത്ഥാനം ഇല്ല എന്നു തെളിയിക്കുന്നതിനു ഏഴു സഹോദരന്മാരെ (ഓരോരുത്തരെയും മരണാനന്തരം) സ്വീകരിച്ച സ്ത്രീയുടെ ഉദാഹരണം അവർ ചൂണ്ടിക്കാട്ടി. പുനരുത്ഥാനം ഉണ്ടെങ്കിൽ ഇവൾ ആരുടെ ഭാര്യയായിരിക്കും എന്നാണ് അവർക്കറിയേണ്ടത്. മരണത്തോടുകൂടി വിവാഹബന്ധം അവസാനിക്കുന്നു എന്നും പുനരുത്ഥാനപുത്രന്മാർ ദൈവതുല്യരാണെന്നും ക്രിസ്തു വ്യക്തമാക്കി. ദാനിയേൽ 12:1 തുടങ്ങിയ ഭാഗങ്ങളിൽ പുനരുത്ഥാനത്തെക്കുറിച്ചുള്ള സ്പഷ്ടമായ സൂചനകൾ ഉണ്ട്. പുനരുത്ഥാനത്തിന്റെ സത്യത തെളിയിക്കുന്നതിനു ക്രിസ്തുവിനു ഇതുപോലുള്ള പഴയനിയമഭാഗങ്ങൾ ചൂണ്ടിക്കാണിക്കാമായിരുന്നു. എന്നാൽ സദൂക്യർ അവയുടെ അധികാരം അംഗീകരിക്കുകയില്ല. ന്യായപ്രമാണം മാത്രമേ ദൈവികാധികാരം ഉള്ളതായി സദൂക്യർ അംഗീകരിക്കുന്നുള്ളൂ. തന്മൂലം ന്യായപ്രമാണത്തിൽ നിന്നുതന്നെ പുനരുത്ഥാനത്തിനു തെളിവു ക്രിസ്തു സദൂക്യർക്കു നല്കി. ദൈവം മരിച്ചവരുടെ ദൈവമല്ല ജീവനുള്ളവരുടെ ദൈവമത്രേ. മുൾപ്പടർപ്പു ഭാഗത്തു ദൈവം മോശയ്ക്കു വെളിപ്പെടുത്തിക്കൊടുത്തതു 'ഞാൻ അബ്രഹാമിന്റെ ദൈവവും യിസ്ഹാ

ക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവും' എന്നാണ്. പുറ 3:6. ഈ ഭാഗമാണ് ക്രിസ്തു സദൂക്യർക്കു മറുപടിയായി നല്കിയത്. 'മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചോ ദൈവം അരുളിച്ചെയ്തിരിക്കുന്നതു നിങ്ങൾ വായിച്ചിട്ടില്ലയോ? ഞാൻ അബ്രഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവും ആകുന്നു എന്നു അവൻ അരുളിച്ചെയ്യുന്നു. എന്നാൽ അവൻ മരിച്ചവരുടെ ദൈവമല്ല, ജീവനുള്ളവരുടെ ദൈവമത്രേ. മത്താ 22:31,32. അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവർ പുനരുത്ഥാനം ചെയ്യേണ്ടവർ ആകയാൽ ദൈവദൃഷ്ടിയിൽ അവർ ജീവനുള്ളവരാണ്.

അപ്പൊസ്തലനായ പൗലൊസിനു വളരെയേറെ പീഡനം അനുഭവിക്കേണ്ടിവന്നതു പുനരുത്ഥാനത്തിലുള്ള പ്രത്യാശയെ ഊന്നിപ്പറഞ്ഞതുകൊണ്ടാണ്. യെരുശലേമിൽ ന്യായാധിപസംഘത്തിന് മുൻപിൽ പൗലൊസ് വിസ്തരിക്കപ്പെട്ടു. പരീശന്മാരും സദൂക്യരും ഈ ന്യായാധിപസംഘത്തിലുണ്ടായിരുന്നു. ഈ സംഘത്തെ ഛിദ്രിപ്പിക്കുന്നതിനുവേണ്ടി മരിച്ചവരുടെ പ്രത്യാശയെയും പുനരുത്ഥാനത്തെയും കുറിച്ചാണ് താൻ വിസ്താരത്തിലായിരിക്കുന്നു എന്ന് പൗലൊസ് വിളിച്ചു പറഞ്ഞു. പുനരുത്ഥാനത്തിൽ വിശ്വസിക്കുന്ന പരീശന്മാർ എഴുന്നേറഅറു പൗലൊസിനു അനുകൂലമായി വാദിക്കുകയും പൗലൊസിനെ ആരോപണ മുക്തനാക്കുകയും ചെയ്തു. അപ്പൊ 23:6–9. തുടർന്നു ദേശാധിപതിയായ ഫേലിക്സിന്റെ മുമ്പിലും 'നീതിമാന്മാരുടെയും നീതികെട്ടവരുടെയും പുനരുത്ഥാനം ഉണ്ടാകും എന്ന് ഇവർ (വാദികളായ യെഹൂദന്മാർ) കാത്തിരിക്കുന്നതുപോലെ ഞാനും ദൈവത്തിങ്കൽ ആശവെച്ചിരിക്കുന്നു' എന്നു അപ്പൊസ്തലൻ പ്രതിവാദം നടത്തി. അപ്പൊ 24:16,20. അഗ്രിപ്പാ രാജാവിന്റെ മുമ്പിലും യെഹൂദന്മാർ എത്തിപ്പിടിക്കുവാൻ ആഗ്രഹിക്കുന്ന വാഗ്ദത്തത്തിലുള്ള പ്രത്യാശ (പുനരുത്ഥാനം) താൻ വിശ്വസിക്കയും ഉപദേശിക്കുകയും ചെയ്യുന്നതിന്റെ പേരിലാണ് തന്റെ മേൽ കുറ്റാരോപണം നടത്തുന്നത് എന്നു പൗലൊസ് പറഞ്ഞു. 'ദൈവത്താൽ നമ്മുടെ പിതാക്കന്മാർക്കു ലഭിച്ചതും നമ്മുടെ പന്ത്രണ്ടു ഗോത്രങ്ങളും രാപ്പകൾ ശ്രദ്ധയോടെ ആരാധിച്ചുകൊണ്ടു എത്തിപ്പിടിപ്പാൻ ആശിക്കുന്നതും ആയ വാഗ്ദത്തത്തിലുള്ള പ്രത്യാശ ഹേതുവായിട്ടത്രേ ഞാൻ ഇപ്പോൾ വിസ്താരത്തിൽ ആയിരിക്കുന്നത്. ഈ പ്രത്യാശയെച്ചൊല്ലി ആകുന്നു രാജാവേ, യെഹൂദന്മാർ എന്റെമേൽ കുറ്റം ചുമത്തുന്നത്. ദൈവം മരിച്ചവരെ ഉയിർപ്പിക്കുന്നതു വിശ്വാസയോഗ്യമല്ല എന്നു നിങ്ങൾക്കു തോന്നുന്നത് എന്ത്? അപ്പൊ 26:6–8.

ക്രിസ്ത്യാനികൾക്കുള്ള പുനരുത്ഥാന പ്രത്യാശയെ ഭാഗ്യകരമായ പ്രത്യാശ എന്നാണ് അപ്പൊസ്തലൻ വിശേഷിപ്പിക്കുന്നത്. തീത്തൊ 2:12. ക്രിസ്തുവിന്റെ പുനരാഗമനത്തിൽ മരിച്ചവർ അക്ഷയരായി ഉയിർക്കുകയും തേജസ്സ് ധരിക്കുകയും ചെയ്യും. അപ്പോഴാണ് നമ്മുടെ സൗഭാഗ്യം എന്താണെന്നു നാം അറിയുന്നത്. പുനരുത്ഥാനത്തിൽ നമ്മുടെ താഴ്ചയുള്ള ശരീരത്തെ ക്രിസ്തുവിന്റെ മഹത്വമുള്ള ശരീരത്തിനു അനുരൂപമായി രൂപാന്തരപ്പെടും. ഫിലി 3:21. ഇതറിയാവുന്ന വിശ്വാസി തന്നിലുള്ള ഈ പ്രത്യാശയെക്കുറിച്ചു ചോദ്യം ചെയ്യുന്നവരോടു സൗമ്യതയോടും ഭയഭക്തിയോടും പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിക്കേണ്ടതാണ്. 1 പത്രൊ 3:15

3. പുനരുത്ഥാനം അന്ത്യകാലത്തിനു അതിർവെച്ചു. കർത്താവായ യേശുക്രിസ്തുവിന്റെ പുനരാഗമനവും വാഴ്ചയുമാണ് പഴയനിയമപുതിയനിയമങ്ങളിലെ പ്രധാനവിഷയം. മശീഹയുടെ കീഴിൽ ഒരു ശാശ്വതരാജ്യവും മഹത്ത്വപൂർണ്ണമായ വാഴ്ചയും യിസ്രായേലിനു വാഗ്ദത്തം ചെയ്തി

ട്ടുണ്ട്. യിസ്രായേലിനെ സംബന്ധിച്ചിടത്തോളം അന്ത്യകാലം അതാണ്. യെശ 2:2. മീഖ 4:1. അന്ത്യ കാലത്തിന്റെ വിവച്ഛേദക ധർമ്മമാണ് പുനരുത്ഥാനം. അതുകൊണ്ട് പുനരു ത്ഥാനത്തെ ഒടുക്ക ത്തെനാൾ എന്നു പറയുന്നു. യേശു മാർത്തയോടു: നിന്റെ സഹോദരൻ ഉയിർത്തെഴുന്നേല്ക്കും എന്നുപറഞ്ഞപ്പോൾ ഒടുക്കനാളിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേൽക്കും എന്നു ഞാൻ അറിയുന്നു എന്നു മാർത്ത പറഞ്ഞു. യോഹ 11:23-25. അന്ത്യകാലത്തെ അതിരുടന്ന സംഭ വമാണ് പുനരുത്ഥാനം. ക്രിസ്തുവിന്റെ പുനരുത്ഥാനത്തോടുകൂടി അതു സിദ്ധമായി. സഭാകാല ത്തെക്കുറിച്ചു പറയുമ്പോൾ ക്രിസ്തുവിന്റെ ഒന്നുംരണ്ടും വരവുകൾക്കിടയിലുള്ള കാലത്തെ അന്ത്യ കാലം എന്നു പറയുന്നു. ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരി ക്കുന്നു. (എബ്രാ 1:1). അന്ത്യകാലത്തു വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷ (1 പത്രൊ 1:4), ഈ അന്ത്യകാലത്തു വെളിപ്പെട്ടവനും (ക്രിസ്തു) എന്നിവ നോക്കുക. 1 പത്രൊ 1:20.

**(C) ഭൂമിയുടെ ഈറ്റുനോവും പ്രസവവും :** സർവ്വസൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു എന്നും ആത്മാവെന്നെ ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിനു കാത്തുകൊണ്ടു ഉള്ളിൽ ഞരങ്ങുന്നു എന്നും റോമാ ലേഖനത്തിൽ (8:23-24) നാം കാണുന്നു. പുനരുത്ഥാനസമയത്തു ശരീരത്തിനു സംഭവിക്കുന്ന തേജസ്ക്കരണത്തോടുകൂടി നമ്മുടെ വീണ്ടെടുപ്പു പൂർത്തിയാകുകയും പുത്രത്വത്തിന്റെ പൂർണ്ണത നമുക്ക് സ്വായത്തമാവുകയും ചെയ്യും. ക്രിസ്തുവിന്റെ പുനരാഗമനം വരെയും വിശ്വാസികളുടെ ശരീരത്തെ ഭൂമി തന്റെ ഗർഭത്തിൽ സൂക്ഷിക്കുകയാണ്. യോനാ കടലാനയുടെ വയറ്റിൽ മൂന്നു ദിവസം ഇരുന്നു. അനന്തരം കടലാന യോനയെ കരയ്ക്കു ഛർദ്ദിച്ചു. ക്രിസ്തുവും മൂന്നുദിവസം ഭൂമിയുടെ ഉള്ളിൽ ഇരുന്നു. തുടർന്നു ഉയിർത്തെഴുന്നേറ്റു പുറത്തു വന്നു. മത്താ 12:39-40. വിശ്വാ സികളുടെ ശരീരങ്ങളും മരണാനന്തരം ഭൂഗർഭത്തിലാണ്. ക്രിസ്തുവിന്റെ പുനരാഗമനത്തിൽ പുന രുത്ഥാനം നടക്കുകയും വിശുദ്ധന്മാരെല്ലാം തേജസ്ക്കരിക്കപ്പെടുകയും ചെയ്യും. ദൈവപുത്രന്മാ രുടെ വെളിപ്പാട് ഇതാണ്. റോമ 8:19. അനേകം പുത്രന്മാരുടെ വെളിപ്പാടിനെ അഥവാ ദൈവപു ത്രൻ അനേകം പുത്രന്മാരെ തേജസ്സിലേക്കു നടത്തുന്നതു കാൺമാൻ (എബ്ര 2:10) സൃഷ്ടി ആകാം ക്ഷയോടെ കാത്തിരിക്കുന്നു. പഴയനിയമത്തിലും സ്പഷ്ടമായി ഭൂമി പ്രേതന്മാരെ പ്രസവിക്കും എന്നു പ്രവചിച്ചിട്ടുണ്ട്. 'നിന്റെ മൃതന്മാർ ജീവിക്കും, എന്റെ ശവങ്ങൾ എഴുന്നേല്ക്കും, പൊടി യിൽ കിടക്കുന്നവരേ, ഉണർന്നുഘോഷിപ്പിൻ, നിന്റെ മഞ്ഞു പ്രഭാതത്തിലെ മഞ്ഞുപോലെ ഇരി ക്കുന്നു. ഭൂമി പ്രേതന്മാരെ പ്രസവിക്കുമല്ലോ. യെശ 26:19. പുനരുത്ഥാനശരീരികളെ കുറിക്കുക യാണ് പ്രഭാതത്തിലെമഞ്ഞ്. ദാവീദിന്റെ സങ്കീർത്തനത്തിലും ഉഷസ്സിന്റെ ഉദരത്തിൽ നിന്നു പുറ പ്പെടുന്ന മഞ്ഞിനെക്കുറിച്ചു പറയുന്നു. 'നിന്റെ സേനാദിവസത്തിൽ നിന്റെ ജനം നിനക്കു സ്വമേ ധാദാനമായിരിക്കുന്നു. വിശുദ്ധ വസ്ത്രാലങ്കാരത്തോടുകൂടെ ഉഷസ്സിന്റെ ഉദരത്തിൽ നിന്നു യുവാ ക്കളായ മഞ്ഞു നിനക്കു വരുന്നു.' സങ്കീ 110:3. സേനാദിവസത്തിൽ മശിഹയെ അനുഗമിക്കുന്ന സൈന്യം പിതാവു തനിക്കു ദാനം ചെയ്തതാണ്. അവർ വിശുദ്ധവസ്ത്രാലങ്കാരം ചെയ്തവരാ ണ്. വിശുദ്ധവസ്ത്രാലങ്കാരം പൗരോഹിത്യത്തെ കാണിക്കുന്നു. വിശ്വാസികൾ രാജകീയ പുരോ ഹിതവർഗ്ഗമാണ്. മശീഹയുടെ സേനാദിവസത്തെക്കുറിച്ചു സദൃശമായ വർണ്ണന വെളിപ്പാടു പുസ്ത കത്തിലുമുണ്ട്. കുഞ്ഞാടിന്റെ കല്യാണത്തിനു ശേഷം ഹർമ്മഗെദ്ദോൻ യുദ്ധത്തിനു വേണ്ടി കർത്താവു ഭൂമിയിലേക്കു വരികയാണ്. 'അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നതു ഞാൻ കണ്ടു.

ഒരു വെള്ളക്കുതിര പ്രത്യക്ഷമായി. അതിന്മേൽ ഇരിക്കുന്നവനു വിശ്വസ്തതനും സത്യവാനും എന്നുപേർ. അവൻ നീതിയോടെ വിധിക്കയും പോരാടുകയും ചെയ്യുന്നു. അവന്റെ കണ്ണു അഗ്നി ജ്വാല, തലയിൽ അനേകം രാജമുടികൾ, എഴുതീട്ടുള്ള ഒരു നാമവും അവന്നുണ്ട്. അതു അവന ല്ലാതെ ആർക്കും അറിഞ്ഞുകൂടാ. അവൻ രക്തം തളിച്ച ഉടുപ്പു ധരിച്ചിരിക്കുന്നു. അവന്നു ദൈവ വചനം എന്നുപേർ പറയുന്നു. സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ചു വെള്ളക്കുതിരപ്പുറത്തു കയറി അവനെ അനുഗമിച്ചു.' വെളി 19:11–14.

**(D) പുനരുത്ഥാനത്തിന്റെ പ്രഭാതം :** കർത്താവായ യേശുക്രിസ്തു ആഴ്ചയുടെ ആദ്യനാൾ (ഞായറാഴ്ച) പ്രഭാതത്തിൽ പുനരുത്ഥാനം ചെയ്തു. അതേവിധം ഒരു പുനരുത്ഥാനത്തിന്റെ പ്രഭാതത്തെ പ്രതീക്ഷിക്കുകയാണ് വിശുദ്ധന്മാർ. അവരുടെ സുപ്രഭാതം അതത്രേ. സൃഷ്ടിക്ക പ്പെട്ട ആദാം കണ്ണു തുറന്നപ്പോൾ ആദ്യം കണ്ടകാഴ്ച തേജോമയനായ ദൈവത്തിന്റെ രൂപമാണ്. നമ്മുടെ പുനരുത്ഥാനത്തിന്റെ പ്രഭാതത്തിലും കൺമിഴിച്ചു നോക്കുമ്പോൾ നാം ആദ്യം കാണുന്നതു തേജസ്ക്കരിക്കപ്പെട്ട കർത്താവിന്റെ മഹനീയരൂപം ആയിരിക്കും. 'ഞാനോ നീതിയിൽ നിന്റെ മുഖത്തെ കാണും; ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ടു തൃപ്തനാകും.' സങ്കീ 17:15. ഇവിടെ ഉണരുക എന്നതു പുനരുത്ഥാനത്തെ കുറിക്കുന്നു. നിദ്രയിൽ നിന്നുണരുക മാത്രമല്ല വിവക്ഷിതം. പൂർവ്വ വാക്യത്തിലെ ദുഷ്ടന്മാരുടെ ഓഹരി ഈ ആയുസ്സിൽ എത്ര എന്ന പ്രസ്താവന ഈ സത്യം വെളിപ്പെടുത്തുന്നു. പുനരുത്ഥാനത്തിന്റെ പുലരിയിൽ നാം ഉണർന്നു നമ്മുടെ കർത്താവിന്റെ രൂപ മതിയാവോളം കണ്ടു തൃപ്തരാകും. ഹാ, എത്ര ഭാഗ്യകരമായ പ്രത്യാശ!

കോരഹ് പുത്രന്മാരുടെ സങ്കീർത്തനത്തിലെ സത്യം (വിശ്വസ്തത എന്നതു കൃത്യമായ പരിഭാഷയല്ല) ഭൂമിയിൽ നിന്നു മുളെക്കുന്നു (സങ്കീ 85:11) എന്നതും പുനരുത്ഥാനത്തിന്റെ പ്രാവചനിക കീർത്തനമാണ്. നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിനു നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ? (സങ്കീ 85:6) എന്ന പരിദേവനം ഇതിനോടൊപ്പം വായിക്കുക. യിസ്രായേലന്റെ ജാതീയ പുനരുത്ഥാനത്തെക്കുറിക്കുന്ന വാക്യങ്ങൾ ആണെങ്കിൽ തന്നെയും വൈയക്തിക പുനരുത്ഥാനം എന്ന സത്യത്തെ വ്യക്തമായി അവതരിപ്പിക്കുകയാണ് പ്രസ്തുത വാക്യങ്ങൾ. തന്റെ ഭക്തന്മാരുടെ മരണം യഹോവെക്കു വിലയേറിയതാകുന്നു. സങ്കീ 116:15. ആദാമിനെ സൃഷ്ടിച്ചപ്പോൾ അവനെ ആവരണം ചെയ്തിരിക്കുന്ന ദൈവതേജസ്സു എന്തായിരുന്നുവെന്നും എങ്ങനെയുള്ളതായിരുന്നുവെന്നും ആരും അറിയുകയോ കാണുകയോ ചെയ്തിട്ടില്ല. എന്നാൽ പുനരുത്ഥാനസമയത്തു അതു വെളിപ്പെടും. പുനരുത്ഥാനത്തിൽ മാത്രമേ നഷ്ടപ്പെട്ടു പോയ തേജസ്സ് എന്താണെന്ന സത്യം മനുഷ്യനു മനസ്സിലാകുകയുള്ളൂ. അങ്ങനെ സത്യം ഭൂമിയിൽ നിന്ന് മുളെക്കും (സങ്കീ 85:11). എന്ന പ്രവചനം പുനരുത്ഥാന ദിവസം ആക്ഷരികമായി നിറവേറുകയും കർത്താവിന്റെ ജനം കർത്താവിൽ ആനന്ദിക്കുകയും ചെയ്യും. സങ്കീ 85:6.

**(E) പുനരുത്ഥാനം പഴയനിയമത്തിൽ :** വൈയക്തികമായ പുനരുത്ഥാനത്തെക്കുറിച്ചുള്ള സ്പഷ്ടമായ പഴയനിയമരേഖ ദാനിയേൽ 12:2 ആണ്. 'നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും ഉണരും.' ദാനി 12:2. ഈ വാക്യത്തിലെ ആദ്യത്തെ രണ്ടു വാക്കുകളുടെ (റബ്ബിംമിയ്യെഷെനി) അർത്ഥം നിദ്രകൊള്ളുന്നവരിൽ പലരും എന്നാണ്. ചിലർ എന്നു തർജ്ജമ ചെയ്തിട്ടുള്ള എല്ലെഹ് എന്ന പദം രണ്ടു പ്രാവശ്യം പ്രയോഗിച്ചിട്ടുണ്ട്. ഈ പാഠത്തിന്റെ ശരിയായ തർജ്ജമ എബ്രായപണ്ഡിതന്മാരുടെ

പക്ഷത്തിൽ ഇപ്രകാരമാണ്. നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ഉണരും; ഇവർ നിത്യജീവനായും എന്നാൽ അവർ (അതായത് മരിച്ചവരിൽ ശേഷംപേർ) ഉണരും. ലജ്ജയ്ക്കും നിത്യനിന്ദയ്ക്കായും. പുതിയനിയമത്തിൽ പ്രത്യേകിച്ചു വെളി 20:415 ൽ പ്രവചിച്ചിട്ടുള്ള പുനരുത്ഥാനത്തിന്റെ രണ്ടുഘട്ടങ്ങൾ ഈ വാക്യത്തിൽ സുവ്യക്തമാണ്. പുനരുത്ഥാനത്തോടുള്ള ബന്ധത്തിൽ ഇയ്യോബിന്റെ വാക്കുകൾ പ്രധാനമാണ്. 'എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നില്ക്കുമെന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹരഹിതനായി ദൈവത്തെ കാണും. ഞാൻ തന്നേ അവനെ കാണും; അന്യനല്ല, സ്വന്തകണ്ണു അവനെ കാണും; എന്റെ അന്തരംഗം എന്റെ ഉള്ളിൽ ക്ഷയിച്ചിരിക്കുന്നു.' ഇയ്യോ 19:25–27. ഈ വാക്യങ്ങളിലെ പുനരുത്ഥാനസൂചന നിഷേധിക്കുന്നവരുണ്ട്. പാഠത്തിന്റെ അവ്യക്തതയാണ് കാരണമായി ചൂണ്ടിക്കാണിക്കുന്നത്. 14–ാം അദ്ധ്യായത്തിൽ പുനരുത്ഥാനത്തെക്കുറിച്ചു പറയുന്നു. തന്റെ വീണ്ടെടുപ്പുകാരൻ ഭാവിയിൽ പൊടിമേൽ നില്ക്കുമ്പോഴാണ് തന്റെ പുനരുത്ഥാനം നടക്കുന്നതെന്നും ഇയ്യോബ് വിശ്വസിച്ചു. 19:25–27. ഇതേ നിലയിലാണ് ജെറോ ഈ ഭാഗത്തെ മനസ്സിലാക്കിയതും സെപ്റ്റ്വജിന്റ് തർജ്ജമ ചെയ്തതും. യഹോവ മരണത്തെ സദാകാലത്തേക്കും നീക്കിക്കളയുന്ന (യെശ 25:8) പുനരുത്ഥാനത്തോടുള്ള ബന്ധത്തിൽ പാടുന്ന പാട്ടു 'നിന്റെ മൃതന്മാർ ജീവിക്കും; എന്റെ ശവങ്ങൾ എഴുന്നേല്ക്കും; പൊടിയിൽ കിട്ടുന്നവരേ ഉണർന്നു ഘോഷിപ്പിൻ; നിന്റെ മഞ്ഞു പ്രഭാതത്തിലെ മഞ്ഞുപോലെ ഇരിക്കുന്നു; ഭൂമി പ്രേതന്മാരെ പ്രസവിക്കുമല്ലോ' എന്നിങ്ങനെ തുടരുന്നു: യെശ 26:19. നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിനു നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ എന്നു സങ്കീർത്തനക്കാരൻ (85:6) ചോദിക്കുന്നു. കർത്താവിന്റെ നാളിലെ മശീഹാ പ്രതീക്ഷയുമായി ബന്ധപ്പെടുത്തിയാണ് പഴയനിയമത്തിൽ പുനരുത്ഥാനം പറയപ്പെട്ടിട്ടുള്ളത്. സഭയുടെ ഉൽപ്രാപണത്തെ തുടർന്നു ദൈവം യിസ്രായേലിനോടു ഇടപെടുന്നതു മുതൽ സഹസ്രാബ്ദ വാഴ്ചയ്ക്കുശേഷം പുതുവാനഭൂമികളെ സൃഷ്ടിക്കുന്നതുവരെ നീണ്ടു കിടക്കുന്ന ഒരു ദീർഘമായ കാലയളവാണു കർത്താവിന്റെ നാൾ : യെശ 2:12, 13:6, യെഹ 13:5, 30:3, യോവേ 1:15, 2:1, 11, 31, 3:14, ആമോ 5:18, 18, 20, ഓബ 15, സെഫ 1:7, 14:14, സെഖ 14:1, മലා 4:5, അപ്പൊ 2:20, 1 തെസ്സ 5:2, 2 തെസ്സ 2:2, 2 പത്രൊ 3:10. ഒരു ജാതി ഉണ്ടായതു മുതൽ ഈ കാലം വരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകം (ദാനി 12:1) എന്നു മഹാപീഡനത്തെക്കുറിച്ചു പ്രവചിച്ചശേഷമാണ് ദാനിയേൽ പുനരുത്ഥാനത്തെക്കുറിച്ചു പ്രവചിക്കുന്നത്. യെശയ്യാ പ്രവാചകനും പുനരുത്ഥാനത്തോടു ബന്ധിച്ചു യഹോവയുടെ സന്ദർശനത്തെക്കുറിച്ചു (26:20,21) പ്രസ്താവിക്കുന്നുണ്ട്. യോഹന്നാൻ സുവിശേഷത്തിലും (11:24) പുനരുത്ഥാനം കർത്താവിന്റെ നാളിനോടു ബന്ധപ്പെട്ടു തന്നെയാണു നില്ക്കുന്നത്. 'ഒടുക്കത്തെ നാളിലെ പുനരുത്ഥാനത്തെക്കുറിച്ചുള്ള മറ്റു പരാമർശങ്ങൾ താഴെ പറയുന്നവയാണ്. സങ്കീ 16:10, 49:15. ഹോശ 5:15–6:2, യോഹ 5:28, 29, 11:24, എബ്രാ 11:17,18. ചില വാക്യങ്ങൾ യിസ്രായേലിന്റെ ജാതീയ പുനരുത്ഥാനത്തെ കുറിക്കുന്നവ ആണെങ്കിൽതന്നെയും വ്യക്തകിളുടെ പുനരുത്ഥാനം അവയിൽ വ്യംഗ്യമായുണ്ട്. പുനരുത്ഥാനത്തിന്റെ കാലത്തെക്കുറിച്ചു വ്യക്തമായ വെളിപ്പാടു പഴയനിയമത്തിലില്ല. പുനരുത്ഥാനത്തെക്കുറിച്ചു മൂന്നു കാര്യങ്ങളാണ് പഴയനിയമത്തിൽ നിന്നും നാം മനസ്സിലാക്കുന്നത്. (1) പുനരുത്ഥാനം ഉണ്ട് (2) പുനരുത്ഥാനം സാർവ്വത്രികമാണ് (3) രണ്ടു വിധത്തിലുള്ള പുനരുത്ഥാനങ്ങളുണ്ട്; നിത്യജീവനായും നിത്യനിന്ദയ്ക്കായും.

**(F) ദ്വിവിധപുനരുത്ഥാനം :** പഴയനിയമത്തിൽ രണ്ടുവിധത്തിലുള്ള പുനരുത്ഥാനത്തെക്കുറിച്ചു പറയുന്നുണ്ടെങ്കിലും അവ തമ്മിലുള്ള കാലവ്യത്യാസം പ്രകടമല്ല. നിത്യജീവനായും നിത്യനിന്ദയ്ക്കായും ഉയിർത്തെഴുന്നേല്ക്കുന്നത് രണ്ടു കാലത്താണ്. അവയ്ക്കു തമ്മിൽ ആയിരം വർഷത്തിന്റെ കാലവിടവ് ഉണ്ട്. പുതിയനിയമത്തിലാണ് ഇതിനെക്കുറിച്ചുള്ള വ്യക്തമായ വെളിപ്പാടു നല്കിയിട്ടുള്ളത്.

**1) ജീവന്നായുള്ള പുനരുത്ഥാനം :** ജീവന്നായുള്ള പുനരുത്ഥാനത്തെക്കുറിക്കുന്ന അനേകം വേദഭാഗങ്ങളുണ്ട്. പല പ്രയോഗങ്ങൾ പ്രസ്തുത വിഷയബന്ധത്തിൽ നമുക്കു കാണാൻ കഴിയും. ഒന്നാം പുനരുത്ഥാനം എന്നു വിളിക്കപ്പെടുന്നതു ജീവന്നായുള്ള പുനരുത്ഥാനമാണ്. ക്രിസ്തുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക 'നന്മചെയ്തവർ ജീവന്നായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു' യോഹ 5:29. ഒന്നാം പുനരുത്ഥാനത്തിൽ പല ഘട്ടങ്ങളുണ്ട്. തിരുവെഴുത്തുകൾ അവ വ്യക്തമായി വിവേചിച്ചു വെളിപ്പെടുത്തുന്നുണ്ട്. ഏതു കാലത്തായാലും നിത്യജീവനു വേണ്ടി ഉയിർത്തെഴുന്നേല്ക്കുനനവർ ഒന്നാം പുനരുത്ഥാനത്തിലുൾപ്പെടുന്നു. ക്രിസ്തുവിന്റെ മദ്ധ്യാകാശവരവിൽ ഉയിർത്തെഴുന്നേല്ക്കുന്ന ക്രിസ്തുവിൽ മരിച്ചവരും അതായത് പുതിയ നിയമവിശുദ്ധന്മാരും, മഹാപീഡനത്തിന്റെ അവസാനം ഉയിർത്തെഴുന്നേല്ക്കുന്ന പഴയനിയമ വിശുദ്ധന്മാരും, മഹാപീഡനകാല രക്തസാക്ഷികളും (വിശുദ്ധന്മാരും) ഒന്നാം പുനരുത്ഥാനത്തിൽ പങ്കാളികളത്രേ. വിശുദ്ധന്മാരുടെ പുനരുത്ഥാനത്തെക്കുറിക്കുന്ന പ്രയോഗങ്ങൾ താഴെപ്പറയുന്നവയാണ്.

**നീതിമാന്മാരുടെ പുനരുത്ഥാനം :** 'നീ വിരുന്നു കഴിക്കുമ്പോൾ ദരിദ്രന്മാർ, അംഗഹീനന്മാർ, മുടന്തന്മാർ, കുരുടന്മാർ എന്നിവരെ ക്ഷണിക്ക; എന്നാൽ നീ ഭാഗ്യവാനാകും; നിനക്കു പ്രത്യുപകാരം ചെയ്‌വാൻ അവർക്കു വകയില്ലല്ലോ; നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്കു പ്രത്യുപകാരം ഉണ്ടാകും.' ലൂക്കൊ 14:13–14.

**മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം :** 'അവനിൽ ഇരിക്കേണ്ടതിനും അവന്റെ മരണത്തോടു അനുരൂപപ്പെട്ടിട്ടും അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിനും ഇങ്ങനെ വല്ലവിധേനയും മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം പ്രാപിക്കേണം എന്നുവെച്ചും ഞാൻ അവന്റെ നിമിത്തം എല്ലാം ഉപേക്ഷിച്ചു ചവറ് എന്നു എണ്ണുന്നു' ഫിലി 3:10–11.

**ഏറ്റവും നല്ലൊരു ഉയിർത്തെഴുന്നേല്പ് :** 'സ്ത്രീകൾക്കു തങ്ങളുടെ മരിച്ചവരെ ഉയിർത്തെഴുന്നേല്പിനാൽ തിരികെകിട്ടി; മറ്റു ചിലർ ഏറ്റവും നല്ലൊരു ഉയിർത്തെഴുന്നേല്പു ലഭിക്കേണ്ടതിനു ഉദ്ധാരണം കൈക്കൊള്ളാതെ ഭേദ്യം ഏറ്റു' എബ്രാ 11:35

**ജീവന്നായുള്ള പുനരുത്ഥാനം :** 'ഇതിങ്കൽ ആശ്ചര്യപ്പെടരുതു; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവന്നായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു' യോഹ 5:28,29.

**ഒന്നാമത്തെ പുനരുത്ഥാനം :** 'ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവർ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെ മേൽ രണ്ടാംമരണത്തിനു അധികാരം ഇല്ല; അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു വാഴും' വെളി 20:6.

മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനമാണ് ഒന്നാം പുനരുത്ഥാനം. മരിച്ചവരിൽ അധികവും കല്ലറകളിൽ തന്നെ അവശേഷിക്കുമ്പോൾ ഒരു ചെറിയ വിഭാഗം ഉയിർത്തെഴുന്നേല്ക്കും. ശേഷിച്ചവരുടെ പുനരുത്ഥാനമാണ് രണ്ടാം പുനരുത്ഥാനം അതു നിത്യനാശത്തിനായാണ്. ഈ രണ്ടു പുനരുത്ഥാനങ്ങൾക്കും മദ്ധ്യേ ആയിരം വർഷത്തിന്റെ വിടവുണ്ട്. പുനരുത്ഥാനത്തെ, ഒന്നാമത്തേതെന്നും രണ്ടാമത്തേതെന്നും വിളിക്കുന്നതു ഉയിർത്തെഴുന്നേല്പിന്റെ കാലക്രമമനുസരിച്ചല്ല; പ്രത്യുത ഉയിർപ്പിക്കപ്പെടുന്നവരുടെ ഭാവിവിധി അഥവാ ഭാഗധേയമനുസരിച്ചാണ്.

മരിച്ചവരിൽ നിന്നുള്ള (എക്നെക്രൊൻ) എന്ന പ്രയോഗം പുതിയനിയമത്തിൽ 49 സ്ഥാനങ്ങളിലുണ്ട്. ഇവയിലൊന്നുപോലും ദുഷ്ടന്മാരുടെ പുനരുത്ഥാനത്തോടുള്ള ബന്ധത്തിലല്ലെന്നുള്ളതു പ്രത്യേകം ചിന്ത്യമാണ്. മരിച്ചവരുടെ ഇടയിൽ നിന്നു ആദ്യം ഉയിർപ്പിക്കപ്പെട്ട ക്രിസ്തുവിന്റെ പുനരുത്ഥാനത്തെക്കുറിക്കുകയാണ് 34 പ്രാവശ്യം. മൂന്നു പ്രാവശ്യം യോഹന്നാൻ സ്നാപകൻ സംശയിക്കപ്പെട്ട പുനരുത്ഥാനത്തെയും മൂന്നുപ്രാവശ്യം ലാസറിന്റെ പുനരുത്ഥാനത്തെയും പ്രസ്താവിക്കുന്നു. പാപത്തിന്റെ മരണാവസ്ഥയിൽ നിന്നു ആത്മീയ ജീവനിലേക്കു ഉയിർപ്പിക്കപ്പെട്ടതിനെക്കുറിക്കുവാൻ അപ്പോസ്തലനായ പൗലൊസ് അലങ്കാരമായി ഇതേപ്രയോഗം ആവർത്തിക്കുന്നുണ്ട്. റോമ 6:13, 11:15, എഫെ 5:14. മരിച്ചവരിൽ നിന്നു ഒരുത്തൻ എഴുന്നേറ്റു ചെന്നാലും എന്നു ലൂക്കൊ 16:31 ലും മരിച്ചവരുടെ....ഇടയിൽ നിന്നു എഴുന്നേറ്റവനെപ്പോലെ എന്നു എബ്രാ 11:19 ലും കാണാം. ഭാവി പുനരുത്ഥാനത്തെക്കുറിക്കുവാൻ നാലു സ്ഥാനങ്ങളിൽ ഈ പ്രയോഗം കാണപ്പെടുന്നു. മർക്കൊ 12:25, ലൂക്കൊ 20:35–36, അപ്പൊ 4:1–2, ഫിലി 3:11.

മരിച്ചവരിൽ നിന്നുള്ള ഉയിർത്തെഴുന്നേല്പ്പ് പഴയനിയമകാലത്ത് അറിയപ്പെട്ടിരുന്നില്ല. പുനരുത്ഥാനത്തെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരുന്നെങ്കിലും വ്യത്യസ്തഘട്ടങ്ങളിലായി അതു സംഭവിക്കുമെന്ന് അവർക്ക് അറിയാൻ കഴിഞ്ഞില്ല. ക്രിസ്തുവിന്റെ ശിഷ്യന്മാർ പോലും ഈ വിഷയത്തിൽ സംശയം പ്രകടിപ്പിച്ചതായി കാണാം. 'അവർ മലയിൽ നിന്ന് ഇറങ്ങുമ്പോൾ മനുഷ്യപുത്രൻ മരിച്ചവരിൽ നിന്ന് എഴുന്നേറ്റിട്ടില്ലാതെ ഈ കണ്ടത് ആരോടും അറിയിക്കരുതെന്ന് അവൻ അവരോട് കല്പിച്ചു. മരിച്ചവരിൽ നിന്നു എഴുന്നേല്ക്ക എന്നുള്ളത് എന്തു എന്നു തമ്മിൽ തർക്കിച്ചുംകൊണ്ടു അവർ ആ വാക്കു ഉള്ളിൽ സംഗ്രിച്ചു' മർക്കൊ 9:9–10. ഇവിടെ ശിഷ്യന്മാരുടെ സംശയം ഉയിർത്തെഴുന്നേല്പിനെക്കുറിച്ചല്ല, മറിച്ചു മരിച്ചവരിൽ നിന്നുള്ള ഉയിർത്തെഴുന്നേല്പിനെക്കുറിച്ചായിരുന്നു.

**2) ന്യായവിധിക്കായുള്ള പുനരുത്ഥാനം :** രണ്ടാം പുനരുത്ഥാനമെന്നും ഇതറിയപ്പെടുന്നു. ന്യായവിധി ശിക്ഷാവിധിയെക്കുറിക്കുന്നു. രക്ഷിക്കപ്പെടാത്തവരെ മാത്രം ബാധിക്കുന്ന പുനരുത്ഥാനമാണ്. ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും ഉണരും എന്നു ദാനി 12:2–ൽ ദർശിക്കുന്നതു ഈ രണ്ടാം പുനരുത്ഥാനത്തെയാണ്. 'തിന്മചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു' യോഹ 5:29. മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല (വെളി 20:5).

'ഞാൻ വലിയൊരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു. അവന്റെ സന്നിധിയിൽ നിന്നു ഭൂമിയും ആകാശവും ഓടിപ്പോയി. അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു;

ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിനു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു. മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു. ഓരോരുത്തനും അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധിയുണ്ടായി. (വെളി 20:11–13).

സഹസ്രാബ്ദവാഴ്ചയ്ക്കു മുമ്പായി ഒന്നാം പുനരുത്ഥാനം (വെളി 20:5) നടന്നുകഴിഞ്ഞു. അതിനാൽ മുൻവാക്യങ്ങളിൽ കൊടുത്തിരിക്കുന്ന മരിച്ചവർ ന്യായവിധിക്കായി ഉയിർത്തെഴുന്നേല്ക്കന്നവരാണ്. ഒന്നാം പുനരുത്ഥാനം നീതിമാന്മാരുടേതാണ്. അതിനെ മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. അതേസമയം ന്യായവിധിക്കായുള്ള രണ്ടാം പുനരുത്ഥാനത്തിൽ ഉയിർപ്പിക്കപ്പെടുന്നതു മരിച്ചവർ ആബാലവൃദ്ധമാണ്. ഈ പുനരുത്ഥാനശേഷം മരിച്ചവരിൽ ഒരു വ്യക്തിപോലും കല്ലറയിൽ അവശേഷിക്കയില്ല. എന്നാൽ ഒന്നാം പുനരുത്താനത്തിനു ശേഷവും ആയിരം വർഷമെങ്കിലും ദുഷ്ടന്മാർ കല്ലറകളിൽ അന്ത്യവിധികാത്തു കിടക്കുകയായിരിക്കും.

**(G) പുനരുത്ഥാനനിര :** പൗലൊസപ്പൊസ്തലൻ കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിൽ പുനരുത്ഥാന ക്രമം വിശദമാക്കി. 'എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തിരിക്കുന്നു. മനുഷ്യൻ മൂലം മരണം ഉണ്ടാകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻ മൂലം ഉണ്ടായി. ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും. ഓരോരുത്തരും താന്താന്റെ നിരയിലത്രേ. ആദ്യഫലം ക്രിസ്തു. പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ. പിന്നെ അവസാനം. അന്നു അവൻ എല്ലാ വാഴ്ചകൾക്കും അധികാരത്തിനും ശക്തിക്കും നീക്കംവരുത്തീട്ടു രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും'1കൊരി 15:20–24. പുനരുത്ഥാനത്തിനു വിവിധ നിരകളുണ്ടെന്നു വ്യക്തമാക്കുകയാണ് ഓരോരുത്തനും താന്താന്റെ നിരയിലത്രേ എന്ന പ്രയോഗം. നിര എന്നതിന്റെ ഗ്രീക്കു പദമായ ടാഗ്മ സൈന്യനിരയെ വ്യഞ്ജിപ്പിക്കുന്നു. 'നിന്റെ സേനാദിവസത്തിൽ വിശുദ്ധവസ്ത്രാലങ്കാരത്തോടുകൂടെ ഉഷസ്സിന്റെ ഉദരത്തിൽ നിന്നു യുവാക്കളായ മഞ്ഞു നിനക്കു വരുന്നു' എന്ന സങ്കീർത്തന(110:3) പ്രവചനഭാഗത്തിലെ സേനാദിവസം, യുവാക്കളായ മഞ്ഞു എന്നീ പ്രയോഗങ്ങളും ശ്രദ്ധിക്കുക. ഇവിടെ മൂന്നു പുനരുത്ഥാനനിരകളെ അപ്പൊസ്തലൻ വേർതിരിച്ചു പറയുന്നു:

**ആദ്യഫലമായ ക്രിസ്തു :** പുനരുത്ഥാനനിരയുടെ നായകൻ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുതന്നെ. ആദ്യഫലം കൊയ്ത്തുനാളിലെ കറ്റയുടെ സമൃദ്ധിയെ കാണിക്കുന്നു. പുനരുത്ഥാനത്തെക്കുറിച്ചുള്ള ദൈവിക പരിപാടിയുടെ പ്രാരംഭം ക്രിസ്തുവിന്റെ പുനരുത്ഥാനമാണ്. പുനരുത്ഥാനത്തിന്റെ തെളിവും ഉറപ്പും ക്രിസ്തുവിന്റെ പുനരുത്ഥാനമത്രേ. ക്രിസ്തു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കെ മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എന്നു വാദിക്കുന്നതു നിരർത്ഥകമാണ്. ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഉണ്ടാകാവുന്ന 12 അപകടങ്ങളാണ് 1 കൊരിന്ത്യൻ 15–ാം അദ്ധ്യായത്തിൽ അപ്പൊസ്തലൻ വ്യക്തമാക്കുന്നത്:

1. നമ്മുടെ പുനരുത്ഥാനത്തിനു ഉറപ്പില്ല (1 കൊരി 15:12,13)
2. നമ്മടെ പ്രസംഗം വ്യർത്ഥം (15:4)
3. നമ്മുടെ വിശ്വാസം വ്യർത്ഥം (15:14,17)

4. പുനരുത്ഥാനത്തിന്റെ ഉപദേശം പ്രസംഗിക്കുന്ന നമ്മൾ ദൈവത്തിനു കള്ളസാക്ഷികൾ ആകും (15:15)

5. നാം ഇപ്പോഴും നമ്മുടെ പാപങ്ങളിൽ ഇരിക്കുന്നു (15:17)

6. ക്രിസ്തുവിൽ നിദ്രകൊണ്ടവർ (മരിച്ചവർ) നശിച്ചുപോയി (15:18)

7. നാം പ്രത്യാശയില്ലാത്തവരായി (15:19)

8. നാം സകല മനുഷ്യരിലും അരിഷ്ടന്മാരായി (15:19)

9. നാം വഞ്ചിക്കപ്പെട്ടുപോയി (15:33)

10. പ്രകൃതിയുടെ പാഠം നിരർത്ഥകമായി (15:35–49)

11. വാഗ്ദാനങ്ങൾ അർത്ഥശൂന്യങ്ങളായി (15:50–54)

12. പ്രവചനങ്ങൾ വ്യാജങ്ങളായി (15:55–59)

പ്രപഞ്ചത്തിലെ സപ്തമഹാസംഭവങ്ങളിൽ ഒന്നാണ് യേശുക്രിസ്തുവിന്റെ പുനരുത്ഥാനം എന്നു ഷേഫർ പറയുന്നു. രക്ഷകനെ സംബന്ധിച്ചിടത്തോളം പുനരുത്ഥാനം ഒരനിവാര്യതയാണ്. ക്രൂശിൽ മരിച്ച വ്യക്തി ഒരിക്കലും രക്ഷകനാകുകയില്ല. ക്രിസ്തു ഉയിർത്തെഴുന്നേല്ക്കാതിരുന്നു എങ്കിൽ യെഹൂദന്മാരുടെ പരിഹാസം സാർത്ഥകമാകുമായിരുന്നു. 'ഇവർ മറ്റുള്ളവരെ രക്ഷിച്ചുവല്ലോ. ദൈവം തിരഞ്ഞെടുത്ത ക്രിസ്തു എങ്കിൽ തന്നെത്താൻ രക്ഷിക്കട്ടെ എന്നു പ്രധാനികളും പരിഹസിച്ചുപറഞ്ഞു' (ലൂക്കൊ 23:35). പുനരുത്ഥാനത്തിലൂടെയാണ് യേശുക്രിസ്തു ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെട്ടത് (റോമ 1:5). പുനരുത്ഥാനാന്തരമാണ് യേശുവിനെ കർത്താവും ക്രിസ്തുവും ആക്കിവെച്ചതും (അപ്പൊ 2:36), സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല അധികാരവും നല്കിയതും (മത്തായി 28:18)

**ക്രിസ്തുവിനുള്ളവർ :** പുനരുത്ഥാനത്തിന്റെ രണ്ടാംനിരയെ അവതരിപ്പിക്കുന്നതു 'പിന്നെ' എന്ന അനന്തരവാചികൊണ്ടാണ്. ക്രിസ്തുവിന്റെ പുനരുത്ഥാനം കഴിഞ്ഞ ഉടൻ എന്നല്ല, സാമാന്യം ദീർഘമായ കാലയളവിനു ശേഷമാണ് അടുത്ത പുനരുത്ഥാന നിര പ്രത്യക്ഷപ്പെടുന്നതെന്നു വ്യക്തമാക്കുകയാണ് 'പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ' എന്ന പ്രയോഗം. അഞ്ചുകൂട്ടർ ഈ പുനരുത്ഥാനത്തിലുൾപ്പെടുന്നു.

ക്രിസ്തുവിന്റെ മരണസമയത്തു ഉയിർത്തു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന് ശേഷം നഗരത്തിൽ പ്രത്യക്ഷപ്പെട്ട വിശുദ്ധന്മാർ (മത്താ 27:50–53). യിസ്രായേല്യരുടെ ആദ്യഫലപ്പെരുന്നാൾ പുനരുത്ഥാനത്തിനു നിഴലാണ്. (ലേവ്യ 23:9–14, 1 കൊരി 15:23) പെസഹയ്ക്കുശേഷം വരുന്ന ആദ്യത്തെ ഞായറാഴ്ച (ശബ്ബത്തിന്റെ പിറ്റെന്നാൾ) ആണ് ആദ്യഫലപ്പെരുന്നാൾ. ക്രിസ്തു പുനരുത്ഥാനം ചെയ്ത നാളിൽ പുരോഹിതൻ ആദ്യഫലക്കറ്റ നീരാജനം ചെയ്തത് ചിന്തിയ തിരശ്ശീലയ്ക്കു മുന്നിലായിരുന്നു. ആദ്യഫലക്കറ്റ അനേകം കതിരുകളുൾപ്പെടുന്നതാണ്. ഈ പ്രതിരൂപത്തിന്റെ പൊരുളായിട്ടായിരുന്നു ക്രിസ്തുവന്റെ മരണസമയത്തു അനേകം വിശുദ്ധന്മാർ ഉയിർക്കുകയും ക്രിസ്തുവിന്റെ പുനരുത്ഥാനശേഷം വിശുദ്ധനഗരത്തിൽ പലർക്കും പ്രത്യക്ഷമാവുകയും ചെയ്തത്.

ക്രിസ്തുവിൽ നിദ്രകൊണ്ടവർ അതഴാ സഭായുഗവിശുദ്ധന്മാർ ഉൽപ്രാപണസമയത്ത് 1 തെസ്സ 4:13–18, 1 കൊരി 15:50–53. പെന്തകൊസ്തു മുതൽ ഉൽപ്രാപണം വരെയുള്ള വിശുദ്ധന്മാർ ഇതിലുൾപ്പെടുന്നു.

രണ്ടു സാക്ഷികൾ: മഹാപീഡനത്തിന്റെ ആദ്യപകുതിയിൽ പ്രവചിക്കുന്ന ഇവർ കൊല്ല പ്പെടും. യെരുശലേമിന്റെ വീഥിയിൽ അവരുടെ ശവം മൂന്നര ദിവസം കിടക്കും. മൂന്നര ദിവസം കഴിയുമ്പോൾ ദൈവത്തിൽ നിന്നു ജീവശ്വാസം അവരിൽ വന്നു അവർ ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാ രോഹണം ചെയ്യും. 'മൂന്നരദിവസം കഴിഞ്ഞശേഷം ദൈവത്തിൽ നിന്നു ജീവശ്വാസം അവരിൽ വന്നു അവർ കാൽ ഊന്നിനിന്നു. അവരെ കണ്ടവർ ഭയപരവശരായിത്തീർന്നു – ഇവിടെ കയറി വരുവിൻ എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു മഹാശബ്ദം പറയുന്നതുകേട്ടു. അവർ മേഘത്തിൽ സ്വർഗ്ഗത്തിലേക്കു കയറി, അവരുടെ ശത്രുക്കൾ അവരെ നോക്കിക്കൊണ്ടിരുന്നു.' (വെളി 11:11–12).

മഹാപീഡനകാലരക്തസാക്ഷികൾ : സഭയുടെ ഉൽപ്രാപണത്തിനു ക്രിസ്തുവിന്റെ മഹ ത്ത്വപ്രത്യക്ഷതയ്ക്കും മദ്ധ്യേ മരിക്കുന്നവർ ക്രിസ്തുവിന്റെ മഹത്ത്വപ്രത്യക്ഷതയിൽ സഹസ്രാ ബ്ദവാഴ്ചയ്ക്കു മുമ്പായി പുനരുത്ഥാനം പ്രാപിക്കും. 'ഞാൻ ന്യായാസനങ്ങളെ കണ്ടു; അവ യിൽ ഇരിക്കുന്നവർക്കു ന്യായവിധിയുടെ അധികാരം കൊടുത്തു; യേശുവിന്റെ സാക്ഷ്യവും ദൈവ വചനും നിമിത്തം തലച്ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്ക്കരിക്കാ തിരിക്കുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരിക്കുന്നവരുമായവ രുടെ ആത്മാക്കളെയും ഞാൻ കണ്ടു; അവർ ജീവിച്ചു ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാണു' (വെളി 20:4)

പഴയനിയമ വിശുദ്ധന്മാർ: ക്രിസ്തുവിന്റെ മഹത്ത്വപ്രത്യക്ഷതയിലാണ് പഴയനിയമ വിശു ദ്ധന്മാർ ഉയിർത്തെഴുന്നേല്ക്കുന്നത്. ദാനി 12:2, യെശ 26:19. യിസ്രായേൽ ജനത്തിന്റെ യഥാസ്ഥാ പനമാണ് യെഹ 37–ലെ വിഷയമെങ്കിലും പുനരുത്ഥാനത്തിന്റെ സ്പഷ്ടമായ സൂചന അതിലു ണ്ട്. 'അതുകൊണ്ടു നീ പ്രവചിച്ചു അവരോടു പറയേണ്ടതു: യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു. എന്റെ ജനമേ, ഞാൻ നിങ്ങളുടെ ശവക്കുഴി തുറന്നു നിങ്ങളെ ശവക്കുഴിയിൽ നിന്നു കയറ്റി യിസ്രായേൽ ദേശത്തേക്കു കൊണ്ടുപോകും. അങ്ങനെ എന്റെ ജനമേ, ഞാൻ നിങ്ങ ളുടെ ശവക്കുഴി തുറന്നു നിങ്ങളെ ശവക്കുഴിയിൽ നിന്നു കയറ്റുമ്പോൾ ഞാൻ യഹോവ എന്നു നിങ്ങൾ അറിയും. നിങ്ങൾ ജീവിക്കേണ്ടതിനു ഞാൻ എന്റെ ആത്മാവിനെ നിങ്ങളിൽ ആക്കും. ഞാൻ നിങ്ങളെ സ്വദേശത്തു പാർപ്പിക്കും. യഹോവയായ ഞാൻ അരുളിച്ചെയ്തതു നിവർത്തിച്ചു മിരിക്കുന്നു എന്നു നിങ്ങൾ അറിയും. എന്നു യഹോവയുടെ അരുളപ്പാടു. (യെഹ 37:12–14). പഴ യനിയമവിശുദ്ധന്മാരുടെ പുനരുത്ഥാനം മഹാപീഡനത്തിനു ശേഷമാണെന്ന് ഉപരുക്ത പ്രവചന ങ്ങളിൽ നിന്നു വ്യക്തമായി മനസ്സിലാക്കാം.

**പിന്നെ അവസാനം അഥവാ പുനരുത്ഥാനത്തിലെ ഒടുവിലത്തെ നിര :** രക്ഷിക്കപ്പെടാ ത്തവർ ആബാലവൃദ്ധം വെള്ളസിംഹാസന ന്യായവിധിക്കായി ഉയിർക്കും. ഈ പുനരുത്ഥാനം സഹസ്രാബ്ദവാഴ്ചയ്ക്കു ശേഷമാണ്. മൂന്നു നിരകളിലായി ഏഴു പുനരുത്ഥാനങ്ങൾ മുകളിൽ വിവരിക്കുകയുണ്ടായി.

**(H) പുനരുത്ഥാനം പൗലൊസ് അപ്പോസ്തലന്റെ ലേഖനങ്ങളിൽ :** ക്രിസ്തുവിൽ മരിച്ച വിശ്വാ സികളുടെ പുനരുത്ഥാനം, ജീവനോടരിക്കുന്ന വിശുദ്ധമാരുടെ രൂപാന്തരം, സഭയുടെ ഉൽപ്രാ പണം എന്നീ മൗലിക വിഷയങ്ങളെ സംബന്ധിച്ചുള്ള പ്രധാനമായ വെളിപ്പാടുകൾ വിശദമായി നമുക്കു ലഭിക്കുന്നതു അപ്പൊസ്തലനായ പൗലൊസ് തെസ്സലൊനീക്യർക്കെഴുതിയ ഒന്നാം ലേഖ നത്തിൽ നിന്നും (4:13–15:11), കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിൽ (15:51–58) നിന്നുമാ ണ്. ക്രിസ്തീയ ജീവിതത്തിൽ ആത്മീയപൂർണ്ണതയുടെ സാക്ഷാത്ക്കാരത്തിനു തെസ്സലൊനീക്യ

വിശ്വാസികളുടെ 'ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനന്ദ്യമായി വെളിപ്പെടുവണ്ണം കാക്കപ്പെടുമാറാകട്ടെ. (1 തെസ്സ 5:26) എന്നു അപ്പൊസ്തലൻ പ്രാർത്ഥിക്കുകയാണ്. കർത്താവിന്റെ വരവിനെക്കുറിച്ചു തെസ്സലൊനീക്യ വിശ്വാസികൾക്കു മതിയായ പ്രബോധനം നല്കിക്കഴിഞ്ഞു. തെസ്സലൊനിക്യവിട്ടശേഷം അപ്പൊസ്തലൻ അവരിലാരും കഷ്ടങ്ങളിൽ കുലുങ്ങിപ്പോകാതിരിക്കേണ്ടതിനു അവരെ സ്ഥിരപ്പെടുത്തുവാനും വിശ്വാസം സംബന്ധിച്ചു അവരെ പ്രബോധിപ്പിക്കാനുമായി തിമൊഥെയൊസിനെ അയച്ചു. (1 തെസ്സ 3:2) തിമെഥെയൊസ് അവരുടെ അടുക്കൽ നിന്നു വന്നു. അവരുടെ വിശ്വാസം സ്നേഹം കർത്താവിലുള്ള നിലനില്പു എന്നിവയെക്കുറിച്ചു അപ്പൊസ്തലനെ അറിയിച്ചു. ഒപ്പം അവരുടെ ചില സംശയങ്ങളും. ഈ ലേഖനത്തിൽ അപ്പൊസ്തലൻ അവയ്ക്കു വ്യക്തമായ മറുപടി നല്കുന്നു.

# Why are Divorce Rates Going up among Christians?

**Selected**

**A Nagative view:**

1. One who is born in a Christian home.
2. One who has been baptised or received into a chruch for social gathering with all its rites an rituals.
3. One who shows up on special occasions like marriage,death, festivals etc.

**A Postive view:**

1. One who belongs to a God - fearing family
2. One who has received Jesus Christ as his/her personal Saviour and Lord.
3. One who reflects the purpose and meaning of being a Christian.

Some of the reasons why divorce cases are going up among Christians:

1. Constant fights caused by wrong attitude,bed nature of either or both the spouses, misinformation spread by gossip, and so on.
2. Lack fo seriousness to consider ways that will help resolve their differences.
3. Impotence or inability to conveive.
4. Lack of communication resulting in strained relationship
5. Failure to consult God about their problems and asking Him to intervene.
6. Lack of humility and submission to the lordship of Jesus Christ who alone can restore and strengthen their marriage bonds

# ലേവ്യപുസ്തകം

പഴയനിയമത്തിലെ ഒന്നാം വിഭാഗമായ പഞ്ചഗ്രന്ഥത്തിലെ മൂന്നാമത്തെ പുസ്തകം. ഈ പുസ്തകത്തിനു ഗ്രീക്കു സെപ്റ്റ്വജിന്റിൽ നല്കിയിട്ടുള്ള പേർ ലെവെറ്റികൊൻ (ലേവ്യരെ സംബന്ധിച്ചുള്ളതു) എന്നാണ്. ലത്തീൻ പേരായ Liber Leviticus ന്റെ തർജ്ജമയാണു ലേവ്യപുസ്തകം. എബ്രായപേർ വയ്യിഖ്റാ (അവൻ വിളിച്ചു) ആണ്. ഇത് ലേവ്യ1:1 ലെ ആദ്യപദമാണ്. പുരോഹിതന്മാരുടെ നിയമം, പുരോഹിതന്മാരുടെ പുസ്തകം, വഴിപാടുകളുടെ നിയമം എന്നീ പേരുകളിലാണ് ഈ ലേവ്യപുസ്തകം അറിയപ്പെടുന്നത്. പുസ്തകത്തിലെ പ്രതിപാദ്യത്തെ സൂചിപ്പിക്കുന്ന പേരുകളാണവ. പുറപ്പാടുപുസ്തകം വീണ്ടെടുപ്പിന്റെ പുസ്തകം ആയിരിക്കുന്നതുപോലെ, ലേവ്യപുസ്തകം വീണ്ടെടുക്കപ്പെട്ടവരുടെ ശുദ്ധീകരണം, ആരാധന, ശുശ്രൂഷ എന്നിവയുടെ പുസ്തകമാണ്. ലേവ്യപുസ്തകത്തിലെ പ്രതിപാദ്യം ഏറിയകൂറും പുരോഹിതന്മാരെക്കുറിച്ചാണ്. ലേവ്യരെക്കുറിച്ചു വളരെക്കുറച്ചു മാത്രമേ പറയുന്നുള്ളൂ. ഈ കാരണം ചൂണ്ടിക്കാണിച്ചു പേരിന്റെ സാംഗത്യത്തിൽ സംശയം തോന്നാം. എന്നാൽ പുരോഹിതന്മാർ, ലേവ്യപുരോഹിതന്മാരാണെന്നതു സംശയനിവൃത്തി വരുത്തും. എബ്രാ 7–ൽ ലേവ്യ പൗരോഹിത്യത്തെക്കുറിച്ചു പറയുന്നതു ശ്രദ്ധിച്ചാൽ മതിയാകും.

**ഗ്രന്ഥകർത്താവ്**

ഗ്രന്ഥകർത്താവിന്റെ പേര് പുസ്തകത്തിൽ പറഞ്ഞിട്ടില്ല. യഹോവ മോശയോടും അല്ലെങ്കിൽ മോശയോടും അഹരോനോടും അല്ലെങ്കിൽ അഹരോനോടും ആവർത്തിച്ചു സംസാരിക്കുന്നതായി കാണാം. എന്നാൽ സംസാരിച്ച കാര്യങ്ങളെ രേഖപ്പെടുത്തുവാൻ യഹോവ കല്പന നല്കിയില്ല. മോശയുടെ കാലത്തു സീനായിൽ വച്ച് ദൈവം നല്കിയ വെളിപ്പാടിനോടു ഈ പുസ്തകത്തിന്റെ ഉള്ളടക്കം ബന്ധപ്പെട്ടിരിക്കുന്നു 7:37, 26:46, 27:34. എന്നാലതു ഈ പുസ്തകത്തിന്റെ ഗ്രന്ഥകർത്തൃത്വത്തിന്റെ പ്രശ്നം പരിഹരിക്കുന്നില്ല. പുറപ്പാടിന്റെ പല ഭാഗങ്ങളിലും മോശയെ എഴുത്തുകാരനായി പറയുന്നെങ്കിലും (പുറ 17:14, 24:4, 34:27) ലേവ്യപുസ്തകത്തിന്റെ ഒരു ഭാഗമെങ്കിലും മോശ എഴുതിയതായി പറഞ്ഞിട്ടില്ല. ഇന്നു നമ്മുടെ കൈവശം ഉള്ളതുപോലെ മോശ ഇതിനെ ക്രമമായി ചിട്ടപ്പെടുത്തിയതാകാനും ഇടയുണ്ട്. ലേവ്യപുസ്കത്തിലെ 27 അദ്ധ്യായങ്ങളിൽ 56 പ്രാവശ്യമെങ്കിലും ഈ ന്യായപ്രമാണ കല്പനകളെ യഹോവ മോശയ്ക്കു നല്കി എന്നു പറഞ്ഞിരിക്കുന്നതിൽ നിന്നും മോശെയുടെ ഗ്രന്ഥകർത്തൃത്വം അംഗീകരിക്കാവുന്നതേയുള്ളൂ. ബി.സി.500–നും 450–നും ഇടയ്ക്കു ദൈവാലയ പുരോഹിതന്മാർ ലേവ്യപുസ്തകം സമാഹരിച്ചു. ബി.സി.650–തിനോടുകൂടി രചിക്കപ്പെട്ട വിശുദ്ധിയുടെ നിയമസംഹിത (ലേവ്യ 17–26) തുടങ്ങിയ പൂർവ്വകാല നിയമങ്ങൾ അതിലുൾപ്പെടുത്തി. ഇതാണ് വിമർശകരുടെ വാദം. വളരെ പൗരാണികമായ കാര്യങ്ങൾ ലേവ്യപുസ്തകത്തിലുണ്ടെന്നു വിമർശകർ സമ്മതിക്കുന്നുണ്ട്. അസ്സസ്സേലിനുള്ള ആട് (ലേവ്യ 16) അഹരോന്റെ പുത്രന്മാർക്കു ലഭിച്ച ശിക്ഷ (10:1–7), ദൈവദൂഷകനെ കല്ലെറിഞ്ഞത് എന്നിവ ഉദാഹരണങ്ങൾ. ലേവ്യ പുസ്തകത്തിന്റെ ഏകത്വത്തിനുള്ള തെളിവുകൾ അടുത്ത ഉപശീർഷകത്തിൽ കാണുക.

**പ്രതിപാദ്യം**

ലേവ്യപുസ്തത്തിന്റെ ചരിത്രപരമായ പശ്ചാത്തലം യിസ്രായേൽമക്കളുടെ സീനായിയിലെ വാസമാണ്. ആരാധനയുടെ നിയമങ്ങളും അനുഷ്ഠാനങ്ങളുമാണ് പ്രധാന പ്രതിപാദ്യം. യിസ്രായേലിനു സീനായിയിൽ ഉണ്ടായ അനുഭവങ്ങളുടെ ആഖ്യാനം തുടരുക എന്ന ലക്ഷ്യം ലേവ്യപുസ്തകരചനയ്ക്കു പിന്നിലുണ്ട്. പുസ്തകത്തിന്റെ ആദ്യവചനങ്ങളിൽ നിന്നും, ആവർത്തിക്കപ്പെടുന്ന ശൈലിയിൽ നിന്നും ഇതു വ്യക്തമാണ്. യഹോവ മോശയോട് അരുളിചെയ്തത് (1:1–4, 5:14 ഇത്യാദി) യഹോവ അഹരോനോട് അരുളിചെയ്തത് (10:8), യഹോവ മോശയോടും അഹരോനോടും അരുളിചെയ്തത് (11:1, 13:1) എന്നിവ ശ്രദ്ധിക്കുക.

'നിങ്ങൾ എനിക്കു ഒരു പുരോഹിതരാജത്വവും വിശുദ്ധജനവും ആകും' (പുറ 19:6) എന്ന വാഗ്ദത്തത്തിനായി യിസ്രായേല്യർ സീനായിപർവ്വത്തിൽ ഒരുക്കപ്പെട്ടു കഴിഞ്ഞു. യഹോവയ്ക്കു അവരുടെ മദ്ധ്യേ വസിക്കുവാനുള്ള സമാഗമനകൂടാരം പാളയത്തിന്റെ മദ്ധ്യേ തയ്യാറായിക്കഴിഞ്ഞു. പുറ 40. വഴിപാടുകളെക്കുറിച്ചുള്ള നിയമങ്ങൾ (ലേവ്യ 1–7) ഒരു പ്രത്യേക ഘടകമായി മുമ്പു തന്നെ നിലവിലിരുന്നു. 7:35–38. യാഗാർപ്പണങ്ങളുടെ ചരിത്രം ഉല്പത്തി 4:3–5ൽ തന്നെ ആരംഭിക്കുന്നു. യാഗങ്ങളെയും വഴിപാടുകളെയും സംബന്ധിക്കുന്ന ഭാഗങ്ങൾ പഞ്ചഗ്രന്ഥത്തിൽ ലേവ്യപുസ്തകത്തിനു മുമ്പുതന്നെ ഉണ്ട്. എന്നാൽ ലേവ്യപുസ്തകത്തിൽ യാഗങ്ങളുടെ ക്രമീകരണം മുഴുവൻ യഹോവ നിയന്ത്രിക്കുകയും യിസ്രായേലിന്റെ പാപപരിഹാരത്തിനുള്ള മാർഗ്ഗമായി അതിനെ പ്രത്യേക രീതിയിൽ സ്ഥാപിക്കുകയും ചെയ്യുന്നു. രക്തം ഭക്ഷിക്കരുതെന്ന നിരോധനം 3:17 ലും 7:26 ലും ഉണ്ട്. എന്നാൽ അതിന്റെ കാരണം പറഞ്ഞിരിക്കുന്നത് 17:11 ലാണ്. ഈ വാക്യത്തിന്റെ വെളിച്ചത്തിലായിരിക്കണം ഒന്നു മുതൽ 7 വരെയുള്ള അദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്ന രക്തച്ചൊരിച്ചിലിനെയും രക്തം തളിക്കലിനെയും മനസ്സിലാക്കേണ്ടത്. ഇത് ലേവ്യപുസ്തകത്തിന്റെ ഐക്യത്തെ തെളിയിക്കുന്ന ഒരു സൂചനയാണ്.

അശുദ്ധിയെ സംബന്ധിക്കുന്ന ചട്ടങ്ങൾ 7:21 ൽ ഉണ്ട്. 11–15 വരെയുള്ള അദ്ധ്യായങ്ങളിൽ അശുദ്ധിയെക്കുറിച്ചു വിശദമായി പറഞ്ഞിട്ടുണ്ട്. ലേവ്യ 10:10–ൽ ശുദ്ധവും അശുദ്ധവും നിർമ്മലവും മലിനവും തമ്മിലുള്ള വ്യത്യാസം സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ 11–ാം അദ്ധ്യായത്തിലാണ് അതിന്റെ വിശദമായ പ്രതിപാദനമുള്ളത്. ശുദ്ധാശുദ്ധങ്ങളെക്കുറിച്ചുള്ള നിയമങ്ങൾ യിസ്രായേല്യർ പാപത്തെ ഒഴിച്ചു നിറുത്തേണ്ടുന്ന ആവശ്യത്തെ ചൂണ്ടിക്കാണിക്കുന്നു. ദൈവത്തെയും തന്റെ ജനത്തെയും തമ്മിൽ അകറ്റി നിർത്തുന്നത് പാപമാണ്. അതിനാൽ യാഗത്തിലൂടെയും (1–7) പൗരോഹിത്യത്തിലൂടെയും (8–10) അവർ ദൈവത്തെ സമീപിക്കേണ്ടതാണ്. ശുദ്ധാശുദ്ധമൃഗങ്ങളെ സംബന്ധിച്ചുള്ള 11–ാം അദ്ധ്യായത്തിലെ നിയമങ്ങളിലെ സൂചന 20:25 ൽ കാണാം. ഈ വാക്യം 18–20 വരെയുള്ള അദ്ധ്യായങ്ങളും 11–15 വരെയുള്ള അദ്ധ്യായങ്ങളും തമ്മിൽ അടുത്ത ബന്ധമുണ്ടെന്നു കാണിക്കുന്നു. ഇവയെല്ലാം ലേവ്യപുസ്തകത്തിന്റെ ഐക്യം വ്യക്തമാക്കുന്നു. ലേവ്യ 17:26ൽ കാണപ്പെടുന്ന പ്രമാണങ്ങൾ 'വിശുദ്ധിയുടെ നിയമസംഹിത' എന്ന നിലയിൽ പ്രത്യേകമായി നിലവിലിരുന്നതാണെന്ന ധാരണയ്ക്കു വിരുദ്ധമാണിത്.

'യഹോവയുടെ വിശുദ്ധിയുടെ പുസ്തകം' എന്നു ലേവ്യപുസ്തകത്തെ വിളിക്കുന്നതിൽ അനൗചിത്യമില്ല. ഞാൻ വിശുദ്ധനാകകൊണ്ടു നിങ്ങളും എനിക്കു വിശുദ്ധരായിരിപ്പിൻ. (20:26)

എന്നാണു യഹോവ ആവശ്യപ്പെടുന്നത്. നാദാബ്, അബീഹൂ (10:1–7), ദൈവദൂഷകൻ (24:10–23) എന്നിവരുടെ പാപത്തിനു നല്കിയ ശിക്ഷയിൽ യഹോവയുടെ വിശുദ്ധി വെളിപ്പെട്ടു, വഴിപാടുകൾ, ഭോജ്യങ്ങൾ, ശുദ്ധീകരണം, പരിശുദ്ധി, ഉത്സവങ്ങൾ, ആചാരങ്ങൾ എന്നിവയുടെ പ്രമാണങ്ങൾ യഹോവയുടെ വിശുദ്ധിക്കനുസൃതമാണ്.

ജനത്തിനും യഹോവയ്ക്കും മദ്ധ്യേ നില്ക്കുന്നവരാണ് പുരോഹിതന്മാർ. ലേവ്യ പൗരോഹിത്യം ശ്രേഷ്ഠമഹാപുരോഹിതനായ യേശുക്രിസ്തുവിനെ ചൂണ്ടിക്കാണിക്കുന്നു. യാഗപീഠത്തിലെ രക്തം ഒഴിച്ചുകൂടാനാവാത്തതാണ്. ലേവ്യയാഗങ്ങളെയും, പഴയനിമയത്തെ തന്നെയും പൂർത്തിയാക്കുവാനും നിറവേറ്റാനുമായി വരുന്ന ഏകനെ ചൂണ്ടിക്കാണിക്കുകയായിരുന്നു വീണ്ടെടുപ്പിന്റെ രക്തം. നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തയാഗമായും പുരോഹിതനായും സ്വന്തപുത്രനെ നല്കിയ ദൈവത്തിന്റെ മുമ്പിൽ വിശുദ്ധജീവിതം നയിക്കുവാനുള്ള നമ്മുടെ കടപ്പാടിനെ ലേവ്യപുസ്തകം വ്യക്തമാക്കുന്നു.

**ബാഹ്യരേഖ**

ദൈവത്തോടടുത്തു വരാനുള്ള മാർഗ്ഗം (1:1–10, 20)

1. യാഗങ്ങൾ (1:1–7, 38) 2. പുരോഹിതന്മാർ (8:1–10, 20)

ദൈവത്തിന്റെ മുമ്പിൽ വിശുദ്ധജീവിതം നയിക്കാനുള്ള മാർഗ്ഗങ്ങൾ (11:1–27:34)

1. ഭക്ഷണം സംബന്ധിച്ച് (11:1–27:34)
2. പ്രസവം സംബന്ധിച്ച് (12:1–8)
3. കുഷ്ഠരോഗം സംബന്ധിച്ച് (13:1–14:27)
4. സ്വകാര്യജീവിതം സംബന്ധിച്ച് (15:1–33),

5. ആരാധനയും പാപരിഹാരദിവസവും (16:1–17:16) 6. മാനുഷിക ബന്ധങ്ങൾ, ജനവും പുരോഹിതനും (18:1–22:33) 7. ഏഴുത്സവങ്ങൾ (23:1–44) 8. എണ്ണ, കാഴ്ചയപ്പത്തിന്റെ മേശ തുടങ്ങിയവ (24:1–23) 9. ശബത്ത്, യോവേൽ സംവത്സരം തുടങ്ങിയവ 25:1, 26:46) 10. നേർച്ചയും ദശാംശവും (27:1–34).

## പ്രത്യേക ശ്രദ്ധയ്ക്ക്

☐ ഞങ്ങളുമായി ഫോണിൽ ബന്ധപ്പെടാനാകാത്തവർ കത്തുകളിലൂടെ, നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ അയക്കാവുന്നതാണ്.

☐ ഇ–മെയിൽ എഴുതുമ്പോൾ മുഴുവിലാസവും, ഫോൺ നമ്പരും വയ്ക്കാൻ മറക്കരുത്. കത്തിലൂടെ മറുപടി എഴുതാൻ അത്സ സഹായമായിരിക്കും. ആഴ്ചയിൽ രണ്ട് ദിവസം മാത്രം ഭവനത്തിലുള്ളതിനാൽ എന്റെ യാത്രയ്ക്കിടയിൽ മറുപടികൾ എഴുതും. അതിന് മുഴുവിലാസം ആവശ്യമെന്ന് ഒരിക്കൽ കൂടെ ഓർമ്മിപ്പിക്കുന്നു.

# ശ്രീലങ്കയിൽ നടത്തപ്പെട്ട യോഗങ്ങൾ








ശ്രീലങ്കയുടെ തലസ്ഥാനമായ കൊളംബോ പട്ടണത്തിൽ ഗാർഫേസ് ക്രൈസ്റ്റ് ചർച്ചിൽ നടന്ന യോഗങ്ങൾ വളരെ അനുഗ്രഹപ്രദമായിരുന്നു. ജാഫ്ന തുടങ്ങി ദൂരസ്ഥലങ്ങളിൽ നിന്നെല്ലാം എന്റെ ജാമക്കാരൻ വായനക്കാർ കുടുംബമായി ഈ യോഗങ്ങളിൽ പങ്കെടുത്തതും അവരെയെല്ലാം എനിക്ക് നേരിൽ കാണുവാൻ കഴിഞ്ഞതും എനിക്ക് വളരെയധികം സന്തോഷമായി.

**ചർച്ച് ഓഫ് സിലോൺ** ഡയോസിസ് ആർച്ച് ബിഷപ്പ് അവർകളും സീനിയർ വികാരിയച്ചൻ ഫാ.ചാൾസ് ജ്ഞാനയ്യ അവർകളും മറ്റു അച്ചന്മാരും യോഗത്തിന്റെ ക്രമീകരണങ്ങൾ വളരെ ഭംഗിയായി നടത്തി.

**വിഷമവാർത്തകൾ**

ഇതുപോലെയുള്ള സഭകൾ ശ്രീലങ്കയിൽ സർക്കാരിന്റെ നിയന്ത്രണത്തിലാണ് നടക്കുന്നത് എന്നുള്ള വാർത്ത ലോകവസാനം അടുത്തു എന്നാണ് സൂചിപ്പിക്കുന്നത്. സണ്ടേസ്കൂൾ കുട്ടികളെ പഠിപ്പിക്കുന്ന സിലബസ് പോലും അത് അച്ചടിക്കുന്നതുമുമ്പ് സർക്കാരിന്റെ അംഗീകാരത്തിന് അയയ്ക്കേണ്ടി വരുന്നു. അതിൽ യേശു തന്നെ വഴിയും സത്യവും ജീവനും ആകുന്നു എന്നുള്ളത് കുട്ടികളെ പഠിപ്പിക്കാൻ പാടില്ല. ബുദ്ധൻ മറ്റു ഹൈന്ദവ ദൈവങ്ങളിലും ഒരാളായി മാത്രമേ യേശുവിനെക്കുറിച്ച് കുട്ടികളെ പഠിപ്പിക്കാവൂ എന്നാണ് സർക്കാർ നിർദ്ദേശം ഉള്ളത്. സർക്കാരിന്റെ ഈ നിർദ്ദേശം സ്വതന്ത്രസഭകളിൽ പൂർണ്ണമായി വ്യാപിച്ചിട്ടില്ല. ഞാൻ പ്രസംഗിച്ച

ഈ കൺവെൻഷനിൽ യേശു തന്നെ വഴിയും സത്യവും ജീവനും എന്നു പറഞ്ഞു. അത് എന്റെ മനസ്സിന് വളരെയധികം സമാധാനം ഉണ്ടാക്കി. ഞാൻ പ്രസംഗിച്ചത് അച്ചന്മാർക്കൊന്നും വിഷമം ഉണ്ടാക്കിയിട്ടില്ല. അവർ എന്നെ കൂടുതലായി ഉത്സാഹപ്പെടുത്തി.

ഇന്ത്യയിലെ നമ്മുടെ സി.എസ്.ഐ സിനഡ് മീറ്റിംഗിൽ 25 വർഷങ്ങൾക്കു മുമ്പ് യേശുവേ, നീ തന്നെ മുരുകൻ ആകുന്നു. യേശുവേ, നീ തന്നെ അള്ളാഹു ആകുന്നു. താമരപ്പൂവ് കൊണ്ടു ഞങ്ങൾ നിന്നെ ആരാധിക്കുന്നു എന്ന് എഴുതപ്പെട്ട ലിറ്റർജിയെ പിന്തുടർന്ന സി.എസ്. ഐയിലെ എല്ലാ ബിഷപ്പുമാരും അന്ന് സിനഡ് പങ്കെടുത്ത അച്ചന്മാരും ഇതിന് ആമേൻ പറഞ്ഞല്ലോ. ഒരു ബിഷപ്പ് എങ്കിലും, ഈ ഉപദേശം തെറ്റാണെന്നു പറയുവാൻ ധൈര്യപ്പെട്ടില്ല.
ഞാൻ ഈ വിഷയത്തെ ലിറ്റർജിയെ (ആരാധനക്രമം) ഫോട്ടോകോപ്പിയെടുത്ത് ജാമക്കാരനിൽ പ്രസിദ്ധീകരിച്ച് സി.എസ്.ഐ സഭക്കാർ എല്ലാവരും ഇതിനെ എതിർക്കുന്നു എന്ന് മോഡറേറ്റർക്കും ബിഷപ്പുമാർക്കും കത്തെഴുതണം എന്ന് അഭ്യർത്ഥിച്ചു.

ജാമക്കാരനിൽ ഈ വിഷയം വായിച്ചശേഷം ആദ്യമായി മദ്രാസ് ഡയോസിസിൽ സെന്റ് ജോർജ് സി.എസ്.ഐ പള്ളിക്കാർ കമ്മിറ്റിയായി ചേർന്ന് തങ്ങളുടെ എതിർപ്പിനെ എഴുതി മോഡറേറ്റർക്കും ബിഷപ്പിനും അയച്ചു. ജാമക്കാരനിലെ എല്ലാ വായനക്കാരും വായിച്ചതിനുശേഷം ലോകം മുഴുവനിലും ഇരുന്ന് സി.എസ്.ഐ സിനഡിന് ഈ ഉപദേശത്തെ ഞങ്ങൾ വെറുക്കുന്നു എന്ന് എഴുത്തുകൾ വന്നുചേർന്നു. അപ്പോൾ സി.എസ്.ഐ മോഡറേറ്റർ അവർകൾ അതിനു മറുപടിയായി എഴുതിയത് It was a model prayer" (ഇത് ഒരു മാതിരിപ്രാർത്ഥനയാണ്.) അതു ഞങ്ങൾ സഭാസർവ്വീസിൽ ചേർക്കുന്നില്ല. എന്ന് മറുപടി എഴുതി. അദ്ദേഹം എഴുതിയ മറുപടി ഒരു ആത്മീക മറുപടി അല്ല. കേരളത്തിൽ ഈ ഉപദേശത്തെ ആദ്യമായി എതിർത്തത് മധ്യകേരള ഡയോസിസ് ബിഷപ്പ് അവർകൾ, ഡയോസിസ് മാസികയിൽ തങ്ങളുടെ എതിർപ്പിനെ പരസ്യപ്പെടുത്തി. തിരുനെൽവേലി ഡയോസിസ് ബിഷപ്പ് അവർകളും ആ ഉപദേശത്തെ എതിർക്കുന്നു എന്ന് സിനഡിന് എഴുതി. അന്നത്തെ സിനഡ് യോഗം തിരുനെൽവേലി ഡയോസിസിൽ തന്നെ നടന്നു. എന്നാലും ആ ലിറ്റർജി(ആരാധനക്രമം) അച്ചടിച്ച് ഞങ്ങളുടെ കൈയിൽ ഏല്പിച്ച ശേഷമാണ് ഞങ്ങൾ വിവരങ്ങൾ അറിഞ്ഞത് എന്ന് തിരുനെൽവേലി ബിഷപ്പ് അറിയിച്ചു. ജാമക്കാരനിൽ ഈ വിഷയത്തെ പരസ്യപ്പെടുത്താതെ പോയിരുന്നാൽ ഈ പിശാചിന്റെ ഉപദേശം സഭാ ആരാധന ക്രമത്തിൽ ചേർത്തിരിക്കും.

ഇതുപോലെ തന്നെ സ്ത്രീകളെ അച്ചനാക്കണം എന്ന് സിനഡ് നിയമം പാസാക്കിയപ്പോൾ ആദ്യം അതിനെ എതിർത്തത് തിരുനെൽവേലി ഡയോസിസാണ്. സി.എസ്.ഐ സിനഡിൽ നിന്നും ഞങ്ങളെ പുറത്താക്കിയാലും സാരമില്ല പക്ഷേ, ഞങ്ങൾ ഈ ഉപദേശത്തെ എതിർക്കുന്നു. ഏതൊരു സ്ത്രീകളെയും അച്ചനാക്കത്തില്ല എന്ന് എതിർത്തെഴുതി. അതുപോലെ മധ്യകേരള ഡയോസിസിൽ നിന്നും സ്ത്രീകളെ അച്ചനാക്കത്തില്ല തങ്ങളുടെ എതിർപ്പിനെ സിനാഡിന് അന്നത്തെ ബിഷപ്പിനെഴുതി. പക്ഷേ ഇന്ന് അവരുടെ തീരുമാനം തലകീഴായിട്ട് മാറി. മധ്യകേരള ബിഷപ്പും ഇപ്പോഴത്തെ മോഡറേറ്ററുമായ മോസ്റ്റ്.റവ.തോമസ് ഉമ്മൻ അവർകൾ സ്ത്രീകളെ അച്ചനാക്കും എന്ന് പത്രത്തിൽ പരസ്യപ്പെടുത്തി. വിശ്വാസികൾ ജാഗ്രതയോടെയിരിക്കണം. ദൈവം ഞങ്ങളുടെ സഭകളെ അനുഗ്രഹിക്കുമാറാകട്ടെ. ഇങ്ങനെ ഞാൻ ജാമക്കാരനിൽ ഡയോസിസിന്റെ തെറ്റായ പ്രശ്നങ്ങളെ എഴുതി അറിയിക്കുന്നതുകൊണ്ട് ബിഷപ്പുമാർക്കും മോഡറേറ്റർക്കും എന്റെ മേലേ വെറുപ്പുണ്ടായി. തുടർന്ന് നമുക്ക് സഭകൾക്കുവേണ്ടി പ്രാർത്ഥിക്കാം.

# കോയമ്പത്തൂർ (സി.എസ്.ഐ)
# ഹോളിട്രിനിറ്റി സി.എസ്.ഐ ചർച്ച് കൺവെൻഷൻ
# സേലം ജംഗ്ഷൻ







സേലത്തിൽ 1939–ാം വർഷം തുടങ്ങി എന്റെ കുടുംബം മുഴുവനും ഈ പള്ളിയിലെ അംഗങ്ങളാണ്. ഈ പള്ളിയിലാണ് എന്റെ പപ്പ 30 വർഷങ്ങൾ സെക്രട്ടറിയായി പ്രവർത്തിച്ചത്.

ഞാൻ സണ്ടേസ്കൂളിൽ പഠിച്ച എന്റെ സഭയിൽ തന്നെ കൺവെൻഷനിൽ പ്രസംഗിക്കാനായി അഞ്ചു വർഷം ഉപയോഗിക്കുവാൻ കഴിഞ്ഞതിൽ എനിയ്ക്ക് അഭിമാനമുണ്ട്.

ഇതേ പള്ളിയിൽ സ്ത്രീജനസഖ്യം ഏർപ്പാടു ചെയ്ത ഒരു ദിവസത്തെ ധ്യാനത്തിൽ എന്റെ ഭാര്യ മിസിസ്.വദനി പുഷ്പരാജ് മുഖ്യ പ്രാസംഗികയായി ഉപയോഗിക്കപ്പെട്ടു.

റവ.ഇ.റോബർട്ട് കെവിൻ (സീനിയർ വികാരിയച്ചൻ) അവർകൾ പ്രാർത്ഥനയോടെ ഈ യോഗങ്ങളെ ക്രമീകരിച്ചിരുന്നു. ദൈവനാമം മഹത്വപ്പെട്ടു.

## ജാമക്കാരൻ PDF ൽ

ജാമക്കാരൻ PDF ൽ വായിക്കാനും, Download ചെയ്യാനും, കോപ്പികൾ എടുത്ത് വിതരണം ചെയ്യാനും ആഗ്രഹിക്കുന്നവർ നിങ്ങളുടെ ഇ–മെയിൽ ഐ.ഡി ഞങ്ങളുടെ ഇ–മെയിൽ വിലാസത്തിലേക്ക് അയച്ചുതന്നാലും. അത് മാസിക കൈയ്യിൽ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനും, format ചെയ്ത് അനേകർക്ക് എത്തിച്ച് ഈ ശുശ്രൂഷയെ സഹായിക്കാനുമാകും.

# Beware of Photo Culture!

- Selected - Living stream

These days, after the trend of having boy/girl friends has set in, the practice of taking photographs by mobile phone has become a common thing. Based on the recent happenings, it can be seen that the following are the dangers that are involved here:

- Your friend (boy/girl) may show your photograph or the one taken as two of you together, to his other friends and publicize your friendship
- He/she may go to the extent of stopping your wedding by showing your photograph or the Video. Or he/she can black mail you after marriage, with that or even wreck your life.
- In case you have cut off his friendship after knowing his vile nature or after coming to your senses, chances are high that he may black mail you with that photograph as a proof for your relationship and compel you to marry him.
- Your photograph may get displayed to so many others by your girl/boy friend either through mobile phone or Email.

The young boys of these days are very smart; they may try to take your photograph with the intention of keeping it as a proof for them or use it as a weapon, in case something went wrong later.

Yes, photographing today's enjoyment may be fun; however it may ultimately turn out to be a deadly weapon that would destroy your life.

Beware! ●

# വെള്ളത്തിന്റെ ക്ഷാമം

ഒരിക്കലും ഉണ്ടായിട്ടില്ലാത്ത കൊടുവരൾച്ചയും ക്ഷാമവുമാണ് നാമിപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്നത്. നിത്യഹരിതമെന്ന് അറിയപ്പെടുന്ന കേരളം, കന്യാകുമാരി ജില്ല, ഈ സ്ഥലങ്ങളിൽ വെള്ളത്തിനുവേണ്ടി കുടങ്ങളും ചുമന്നുകൊണ്ട് കിലോമീറ്ററുകളോളം ആളുകൾ പോകുന്നുവെന്ന വാർത്ത ഞാൻ പത്രങ്ങളിൽ കൂടി വായിക്കുകയുണ്ടായി. വെള്ളം ഒരു അനുഗ്രഹത്തിന്റെ അടയാളമാണ്. നമ്മുടെ ദേശം മുഴുവനും ഈ അനുഗ്രഹം നഷ്ടമാക്കിക്കൊണ്ടിരിക്കുന്നു എന്നാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. ആകാശത്തിലെ കിളിവാതിലുകളുടെ ഉടമസ്ഥനായ നമ്മുടെ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം. (യെഹ 22:30).


JUNE 2017

Printed Book

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.